# BVJM HIGHER SECONDARY SCHOOL

BVJM HIGHER SECONDARY SCHOOL

## PERUMBADAVU



# തൂലിക

e- MAGAZINE

# തൂലിക

# 2023-24

# ആമുഖം

2018 ജനുവരി 22 ന് കേരളത്തിന്റെ ബഹുമാനീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിന്റെ ഒരു മികച്ച പ്രവർത്തനം എന്നവണ്ണം ബി.വി.ജെ.എം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന മാഗസിനാണ് "**തൂലിക".** പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ മാഗസിൻ വളരെ ആസ്വാദനപ്രദമാണ്. കുട്ടികളിൽ മറഞ്ഞിരിക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടക്കാറുണ്ട്. ഐ.ടി സാധ്യതകൾ ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ "**തൂലിക**" ഞങ്ങൾ എല്ലാവർക്കും സമർപ്പിക്കുന്നു.

# EDITORIAL BOARD

CHIEF EDITOR : HIBA FATHIMA

COVER DESIGN : JESWIN JOSEKUTTY

LAYOUT : MILAN SONY
EBY GEORGE .R
ANJANA MARY

MEMBERS : Ciril John
Joseph K.S
Nobin K.J
Paul K Thomas
Athul Joseph
An Mariya V. Binu
Ansiya.T.J
Rose Mariya k.p
Alphonsa
Adona paul
Rose Mariya Noble
Minsha
Delna P.J
Marjana
Nasiha
Angel mariya binoj
Rinsha

# ഉള്ളടക്കം


അരുത് ലഹരി........................... (6)
നീ തന്നെ തായേ....................... (8)
ആകാശം..................................(10)
മഴ.............................................(11)
നല്ല കൂട്ടുകാർ..............................(12)
കേരളീയ യുവത്വം......................(15)
മാതൃത്വത്തിന്റെ മഹത്വം.............(18)
ലഹരിയുടെ കെണി....................(20)
അമ്മ........................................(22)
എന്റെ ഭാഷ...............................(25)
മഴത്തുള്ളികൾ............................(26)
ഹൃദയത്തിന്റെ ശബ്ദം..................(27)
അമ്മയുടെ മഹത്വം.....................(30)
അമ്മമനസ്സ്................................(31)
അരുത്......................................(33)
അരുതാത്ത പ്രവർത്തികൾ.........(35)
മാതൃത്വത്തിന്റെ മാധുര്യം.............(37)
അരുവി....................................(39)
റെഡ്ഫോർട്ടിലെ ഒരു കുട്ടി..............(40)
ചതി.................................................(42)
ലഹരി ഒരു അടിമത്തം.....................(46)
അമ്മതൻ സ്ഥാനം..........................(48)
ലഹരി.............................................(50)
Maple Heaven...............................(52)
ജീവിത നൗക.................................(54)
എൻ ദൈവമാണ് അമ്മ...................(56)
Crime's On A Forest.....................(59)
ഉത്തരം കിട്ടാ ചോദ്യം.....................(61)
Future Kerala:
About your Vision........................(64)
Future Kerala................................(66)
കൂട്ടുകാർ...........................................(68)
ജീവചരിത്രം..................................(70)
ചീത്ത കൂട്ടുകെട്ടുകൾ.........................(81)
THE STRING'S OF A MASTERPIECE.......(82)
ലഹരി അരുത് മകനേ.....................(85)
ജീവനു കൂട്ടാളി അമ്മ.......................(87)
അച്ഛന്റെ കുപ്പായം............................(88)

# അരുത് ലഹരി

സമയം രാത്രി 9 മണി കോട്ടയം മെഡിക്കൽ കോളേജ്. പത്തോ പതിഞ്ചോ മാത്രം പ്രായം വരുന്ന ഒരു കുട്ടിയുടെ കൈയിൽ പിടിച്ചു കൊണ്ട് ഡോക്ടറുടെ മുറിയിലേക്ക് ഓടി വരുന്ന ഒരു അമ്മ. ഡോക്ടറുടെ മുറിയിലേക്ക് ഓടി കയറിയ അമ്മ കിതച്ചുകൊണ്ട് ഡോക്ടറോടു പറഞ്ഞു: "ഡോക്ടറെ എന്റെ കുട്ടിയെ എങ്ങനെയെങ്കിലും ഡോക്ടർ രക്ഷിക്കണം".ഡോക്ടർ ചോദിച്ചു:" കുട്ടിക്ക് എന്തു പറ്റി".അമ്മ പറഞ്ഞു: "എന്താണെന്ന് അറിയില്ല ഡോക്ടർ!, എന്റെ മകൻ വിചിത്രമായി പെരുമാറുന്നു." വെറുതെ ദേഷ്യപ്പെടുന്നു ഒരു മാനസിക രോഗം പിടിപ്പെട്ട ആളെ പോലെ ആയിരിക്കുന്നു അവൻ" .ഡോക്ടർ അവനെ പരിശോധിച്ചിട്ട് പറഞ്ഞു: "അമ്മേ അമ്മയുടെ മകൻ ലഹരിക്ക് അടിമയാണ്". ഡോക്ടർ ആ കുട്ടിയുടെ മുഖത്തേക്ക് ഒന്നു നോക്കി. മൂന്നു മാസങ്ങൾക്ക് മുൻപ് കലോത്സവത്തിൽ പാട്ടിനും കഥക്കുമൊക്കെ സമ്മാനങ്ങൾ നേടിയ കുട്ടി. സ്പോർട്സിലും അവൻ സമ്മാനങ്ങൾ വാരികൂട്ടുമായിരുന്നു. ലഹരിക്ക് അടിമപ്പെട്ട് അവൻ ഇപ്പോൾ ആകെ മാറിയിരിക്കുന്നു. ആ ഡോക്ടർ അവനെ ഒരു റീഹാബിറ്റേഷൻ സെന്ററിലേക്ക് പറഞ്ഞയച്ചു .ഈ കുട്ടിക്ക് എവിടെ നിന്ന് ഈ ലഹരി പദാർത്ഥങ്ങൾ



കിട്ടി എന്ന് പോലീസ് അന്വേഷണം തുടങ്ങി. അവൻ പഠിച്ചിരുന്ന സ്കൂളിലേക്കും അന്വേഷണം വ്യാപിച്ചു. അപ്പോൾ എല്ലാവരേയും ഞെട്ടിക്കുന്ന ഒരു വാർത്ത പുറത്ത്

വന്നത്. ആ സ്കൂളിൽ തന്നെ പത്തിൽ അധികം കുട്ടികൾ ലഹരിക്ക് അടിമകളായിരുന്നു. സ്കൂളിന് പുറത്ത് നിന്നും മിഠായിയുടെ രീതിയിലും മറ്റ് സാധനങ്ങളുടെ രീതിയിലുമായിരുന്നു ലഹരി കച്ചവടം. ലഹരിക്ക് അടിമപ്പെട്ട കുട്ടികളെയെല്ലാം പല തരത്തിലുള്ള ആശുപത്രിയിലേക്കും മാറ്റി. M.D.M.A പോലെയുള്ള രാസ ലഹരി പദാർത്ഥങ്ങൾ ആയിരുന്നു അവർ ഉപയോഗിച്ചിരുന്നത്. വർഷങ്ങൾ കടന്നുപോയി. ആറു പേർ മാത്രം ആശുപത്രികളിൽ നിന്നും പുറത്തു വന്നു. ബാക്കി കുട്ടികൾ നിർഭാഗ്യവശാൽ മരണപ്പെട്ടു. ഭാവിയിലേക്ക് വാഗ്ദാനമായിരുന്ന ആ തലമുറ വേരോടെ നശിച്ചു. അല്ല നശിപ്പിച്ചു. ലഹരി നശിപ്പിച്ചു. ഭാവി വാഗ്ദാനങ്ങളായ നമ്മുക്ക് ജീവിതമാകുന്ന ലഹരി ആസ്വദിക്കാം രാസ ലഹരികളോട് പറയാം "അരുത്."

( Angel Alma Joseph )

**********




# നീ തന്നെ തായെ

നിന്നുദരമമ്മേ,എൻ ജീവനേകി:
നിൻ ഹൃദയമമ്മേ,എന്നെ ഞാനാക്കി
നീ തന്നെ, അമ്മേ പാരിൽ ദേവി.
ഭ്രൂമിയിൽ ദൈവമുണ്ടെന്ന് ഞാൻ കേട്ടു
ഭ്രൂതലമാകെ തിരഞ്ഞു.
ഭവനത്തിലാണെന്നറിഞ്ഞു.
അമ്മ നീയാണു സർവ്വവും.
തായ നീയാണു തണലും,തളിരും
നിൻ മടി ചേർന്നു ഞാനുറങ്ങിടുമ്പോൾ
നിൻ സ്നേഹ വാത്സല്യമറിവും.
എന്തിനെമ്മേ? ജീവിതമേകി!

ഇത്രയും സ്നേഹം തിരികെത്തരാനെനിക്കാവുമോ?

എന്തെന്റെ അമ്മേ,ഉരുകുന്ന നീ ?

നിൻ ജീവിതം നീ മറന്നുപോയോ!

എങ്ങനെയമ്മേ? നീ പൊരുതിടുന്നു.

എൻ ജീവിതത്തിൻ സൗന്ദര്യം നീ.

എൻ കനവിലമ്മയെ കിനാവ് കണ്ടു.

പുലരുന്ന സൂര്യനെ വരവേൽക്കുവാൻ

രാവിൽ നീ പുഞ്ചിരിയോടുണർന്നു.

കാർക്കുന്തൽ നെറുകയിൽ ചേർത്തുകെട്ടി

കാർമേഘമാകെ തുടച്ചുമാറ്റി. പൊൻ-

പ്രഭയുള്ളിൽ കയറ്റി വിട്ടു...

കനിവിന്റെ, നിനവിന്റെ നിറകുടമേ

നിൻ പകരം ഇനിയാരിവിടെ ?

( Devanandha M.P )

*****************




ചിറകടിച്ചുയരുന്ന പറവകൾ
കാണുമ്പോൾ കണ്ണിനു
കുളിരായ ഓർമ്മകൾ
പഞ്ഞിക്കെട്ടുകൾ പോലെ
അടർന്നുമാറുന്ന മേഘങ്ങൾ
കാണുമ്പോൾ മനസ്സിനു
കുളിരായ കാഴ്ചകൾ
നീലനിറത്തിൽ പരന്നുകിടക്കുന്ന
ആകാശം കാണാൻ എന്തു ഭംഗി
കൂറ്റൻ മരങ്ങൾക്കിടയിലൂടെ
കാണുന്ന സൂര്യകിരണങ്ങൾ
കാണാൻ എന്തു ഭംഗി

( Nithin T Job )


# മഴ



ചിതറി തെറിക്കുന്ന
മഴത്തുള്ളികളാണെനിക്ക്
ഏറെയിഷ്ടം
മഴവെള്ളംകൊണ്ട്
കവിഞ്ഞൊഴുകുന്ന
പുഴകളെയാണെനിക്ക്
ഏറെയിഷ്ടം
മഴത്തുള്ളി മുത്തുകൾ
ഒളിഞ്ഞിരിക്കുന്ന
പൂക്കളെയാണെനിക്ക്
ഏറെയിഷ്ടം
മഴയത്തു നീന്തി തുടിച്ചു കളിക്കുന്ന
മീനുകളെയാണെനിക്ക്
ഏറെയിഷ്ടം
മഴയത്തു ഭംഗിയാൽ മിനുങ്ങി
നിൽക്കുന്ന
ഭൂമിയെ ആണെനിക്ക്
ഏറെയിഷ്ടം

( Aradhya Sunil )

# നല്ല കൂട്ടുകാർ



ഒരിടത്ത് മൂന്ന് കൂട്ടുകാരുണ്ടയിരുന്നു. അതിൽ ഒരാൾ ബിജു ആയിരുന്നു. അവൻ വലിയ പണക്കാരന്റെ മകൻ ആയിരുന്നു. പിന്നെ അടുത്തയാളുടെ പേര് ജോസ് എന്നായിരുന്നു. അവൻ ഒരു പാവപ്പെട്ട കുടുംബത്തിൽ നിന്നായിരുന്നു. അവൻ ഒറ്റ മകനായിരുന്നു. മൂന്നാമത്തവൻ ഷിജു ആയിരുന്നു അവൻ പണക്കാരനും അല്ല, എന്നാൽ അത്ര പാവപ്പെട്ടവനും അല്ലായിരുന്നു. അവനു തെറ്റ് ചെയ്യുന്നതോ കള്ളം പറയുന്നതോ ഇഷ്ടമല്ലായിരുന്നു. അവന്റെ കൂട്ടുകാർ എന്തെങ്കിലും തെറ്റ് ചെയ്യുന്നത് കണ്ടാൽ അവൻ അവരെ തിരുത്തുകയും അത് പിന്നെ ചെയ്യരുത് എന്ന് ഉപദേശിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ഒരു ദിവസം ജോസ് സ്കൂളിലേക്ക് നടന്നു വരുന്ന

വഴിയിൽ ഒരു പൊതി കണ്ടു. അവന് അത് എന്താണെന്ന് അറിയില്ലായിരുന്നു. അവൻ അത് പോക്കറ്റിൽ ഇട്ടു. എന്നിട്ട് പെട്ടന്ന് - സ്കൂളിലേക്ക് പോയി. സ്കൂളിൽ എത്തിയ ശേഷം അവൻ പൊതി ബിജ്ജുവിനെ കാണിച്ചിട്ടു ചോദിച്ചു.

ജോസ് : നിനക്കിതെന്താണെന്ന് അറിയുമോ?

ബിജ്ജു: ഇത് സിഗരറ്റ് ആണെടാ എന്റെ പപ്പ ഇത് വലിക്കുന്നത് കണ്ടിട്ടുണ്ട് പിന്നെ വീടിന്റെ അടുത്തുള്ളവരും ഇത് ഉപയോഗിക്കുന്നത് ഞാൻ കണ്ടട്ടുണ്ട്

ബിജ്ജു: നീ ഇത് വലിച്ചിട്ടുണ്ടോ

ജോസ് : ഇല്ല

ബിജ്ജു: എന്നാൽ നമുക്ക് ഇത് വലിക്കാം !

ജോസ് : ശെരി പക്ഷേ ഇത് ഷിജ്ജുവിനോട് പറയേണ്ട നമ്മൾ എന്ത് ചെയ്താലും അവനു ഇഷ്ടപ്പെടില്ല.

ബിജ്ജു: ശരി

അങ്ങനെ അവർ സ്കൂളിന്റെ പുറകിൽ നിന്ന് സിഗരറ്റ് വലിക്കാൻ തുടങ്ങി.

ഇതൊന്നും അറിയാതെ ഷിജ്ജു അവർ എവിടെ പോയെന്ന് തിരയുകയായിരുന്നു. അങ്ങനെ ഷിജ്ജു അങ്ങോട്ട് വരുന്നത് കണ്ട ജോസ് ബിജ്ജുവിനോട് പറഞ്ഞു.

ജോസ് : സിഗരറ്റ് മാറ്റ്, ഷിജ്ജു വരുന്നുണ്ട്.

ബിജ്ജു പെട്ടന്ന് സിഗരറ്റ് പോക്കറ്റിൽ ഇട്ടു കയ്യിൽ ഇരുന്ന സിഗരറ്റ് കളഞ്ഞു. പക്ഷേ ഷിജ്ജു ഇതു കണ്ടിരുന്നു. പക്ഷേ അപ്പോൾ അവൻ അവരോടൊന്നും പറഞ്ഞില്ല അവൻ അവരോടു ചോദിച്ചു നിങ്ങൾ ഇവിടെ എന്തെടുക്കുകയാണെന്ന് . അവർ ഓരോ കാരണങ്ങൾ പറഞ്ഞു ഒഴിഞ്ഞു മാറി. അവർ അങ്ങനെ ക്ലാസ്സിലേക്ക് ഒരുമിച്ച് നടന്നു അപ്പോൾ ഷിജ്ജു അവരോടു പറഞ്ഞു "ഞാൻ ഒരു കഥ പറയാം"

ഷിജ്ജു: പണ്ട് ഒരാൾ ഉണ്ടായിരുന്നു അയാളുടെ പേര് സ്റ്റെഫിൻ എന്നായിരുന്നു. അയാൾ ഒരു നല്ലവനായ ആളായിരുന്നു. ആയാൾ പണിക്ക് പോയ ദിവസം, അയാളുടെ കൂടെ പണിയെടുക്കുന്നവർ സിഗരറ്റ് വലിക്കുന്നത്

കണ്ടു. അവർ അവനോടു പറഞ്ഞു നീയും ഇത് ഉപയോഗിക്കു പണിയെടുക്കാൻ കൂടുതൽ ഊർജം കിട്ടും എന്ന്.

അവൻ ആദ്യം ഒക്കെ മടിച്ചു നിന്നു പക്ഷേ പിന്നെ അവർ അവനെ നിർബന്ധിച്ച് വലിപ്പിച്ചു. പിന്നെ അവനു അത് ഇഷ്ടമായി പിന്നെ പിന്നെ അവനു അത് ഇല്ലാതെ ജീവിക്കാൻ പോലും പറ്റാതായി അങ്ങനെ അയാൾക്ക്  ക്യാൻസർ പിടിപെട്ടു. ചികിൽസിക്കാൻ അവരുടെ കയ്യിൽ കാശില്ലായിരുന്നു. അങ്ങനെ അയാൾ മരിച്ചു അയാളുടെ മകളും ഭാര്യയും ജീവിക്കാൻ വേറെ വഴിയില്ലാതെ ആത്മഹത്യ ചെയ്തു .
ഇത് കേട്ട ജോസും ബിജുവും അവനോടു മാപ്പ് ചോദിച്ചു അവർ അവനോടു പറഞ്ഞു :
"ഞങ്ങൾക്കറിയില്ലായിരുന്നു ഇത് ഇത്രയും അപകടകരമായ ഒരു സാധനമായിരുന്നു എന്ന്. ഇനി നമ്മൾ ഇത് ഉപയോഗിക്കില്ല."
ഷിജു അവരോടു പറഞ്ഞു
"എന്തായലും നിങ്ങൾ എന്നോടും പറയണം നമ്മൾ കൂട്ടുകാരല്ലേ ഇനി നിങ്ങൾ ഇങ്ങനെ ഒന്നും ചെയ്യരുത്."
അപ്പോൾ ബിജു പോക്കറ്റിൽ നിന്ന് സിഗരറ്റ് പാക്കറ്റ് എടുത്തു കളഞ്ഞു എന്നിട്ട് അവർ ക്ലാസ്സിലേക്ക് പോയി.



( Ayona Grace Augustine )

# കേരളീയ യുവത്വം





**ജ**നസംഖ്യാവർദ്ധനവ് ഭൂമിക്ക് ഭാരമായിത്തീരുമ്പോൾ. സ്വയം നശിക്കാനാകുന്ന യുവതലമുറ കണ്ടെത്തുന്ന മാർഗ്ഗങ്ങൾ ഏറെയാണ്. വിഷയത്തിലേക്കടുക്കുന്നതിന് തൊട്ടുമുമ്പ് അവയ്ക്കുള്ള കാരണങ്ങൾ ഏവയെന്ന് ഒന്ന് ആരായാം. ജീവിതം ഭാരമായിത്തീരുമ്പോൾ, ജീവിക്കാൻ നിവൃത്തിയില്ലാതാവുമ്പോൾ,ജീവിതം മടുക്കുമ്പോൾ ജീവീക്കാനാശയില്ലാതാവുമ്പോൾ, ജീവിതവെല്ലുവിളികൾ നേരിടാനാവാതെ വരുമ്പോൾ, ജീവിതലഹരിതിരിച്ചറിയാതാവുമ്പോൾ........ യുവത്വം തളരുന്നു സ്വയം നശിക്കാനാകുന്നു. ജീവിതത്തിനെതിരാണെങ്കിലും തന്റെ ധൈര്യം വെളിപ്പെടുത്താൻ യുവാക്കൾ/യുവതികൾ എന്നിവരെല്ലാം ലോകത്തിന്റെ വെല്ലുവിളികൾ

നേരിടുന്നു. പിന്നീടവർ  രക്ഷനേടാനായി ശ്രമിക്കുകയും ഒടുവിൽനാശം അഥവാ മരണത്തിലെത്തിച്ചേരുകയും ചെയ്യുന്നു ഇനി 'എന്താണ് വെല്ലുവിളികൾ?' എന്നന്വേഷിക്കാം. നാം ദിനംപ്രതിയറിയുന്ന വെല്ലുവിളികളിൽ പ്രധാനിയാണ് ലഹരിയെന്ന വില്ലൻ . ഗാഢമായി വിശദീകരിക്കണ്ടയെന്നിതിക്കലും അതിന്റെ മഹനീയതലങ്ങൾ നാമറിയുകതന്നെ വേണം. ഗുളികകൾ, മിഠായികൾ , സിറിഞ്ചുകൾ,മറ്റ് ദൃശ്യമായ ലഹരി പദാർത്ഥങ്ങൾ എന്നിവയെല്ലാം  ഒരുമിക്കുമ്പോൾ അവ മതി കേരളീയ യുവത്വം നശിക്കാൻ. ഇവയിലേട്ടുക്കാൻ താത്പര്യമുണ്ടാകുന്നതെങ്ങനയെന്നുനാം തൊട്ടുമുമ്പ് പ്രതിപാദിച്ചിരുന്നു ഒര ൽപ്പനേരത്തേക്കായി നാം ഉപയോഗിക്കുന്നെങ്കിലും അൽപ്പനേരം കൊണ്ട് നാം ലോകത്തോട്  വിട പറയുമെന്നറിയാമെങ്കിലും നാം ലഹരിയോട് കാട്ടുന്ന താത്പര്യമേറേ. കഴിഞ്ഞ മൂന്നു വർഷത്തെ കഞ്ചാവ് കടത്ത് കേസിന്റെ കണക്ക് മതി മനുഷ്യന്റെ താത്പര്യമെടുത്തറിയാൻ. സ്വന്തം ജീവിനെന്നതിനുപരി അപരന്റെ ജീവിനെക്കൂടി നാം അപകടത്തിലാക്കുന്നതെന്തിന്? സ്വയം നശിക്കുകയും  അപരനെക്കൂടി നശിപ്പിക്കുകയും ചെയ്താണ് യുവത്വങ്ങൾ ലഹരിയാഘോഷം നടത്തുന്നത്. ലഹരിവിൽപ്പനയിൽ വ്യാപൃതരായ, ജീവിക്കാൻ മറന്ന എത്രയോ യുവത്വങ്ങൾ കേരളത്തിന് കണ്ണുനീരയുണ്ട്? മറ്റ് വെല്ലുവിളികളിലെല്ലാം അറിവ് ലഹരിയെപ്പറ്റി ലഭിക്കുന്നതിനാൽ കൂടുതൽ എഴുതുന്നില്ല. മറ്റ് വെല്ലുവിളികളിലേക്ക് ഒന്ന് കണ്ണോടിക്കാം.

പ്രണയനൈരാശ്യത്തിൽ ജീവനൊടുക്കുന്ന യുവത്വങ്ങൾ എത്രയാണ്. ജന്മം തന്നവരെ മറന്ന് ജീവിക്കാനിഷ്ടമുള്ളവരോടൊപ്പം ജീവിക്കുകയും ജീവിതത്തിനിടയിൽ പ്രസന്ധികൾ നേരിടാനാവാതെ ലോകത്തോട് വിട പറയുന്ന ദമ്പതികളെത്രാമോഹിച്ചത് ലഭിച്ചില്ലെന്നറിഞ്ഞ് സ്നേഹിതയുടെ സൗന്ദര്യം നശിപ്പിക്കാൻ മുഖത്ത് ആസിഡ്  ഒഴിച്ച് അവരുടെ ജീവിതം നശിപ്പിച്ച യുവത്വങ്ങൾ എത്ര? ഇൻന്റർനെറ്റിൽ പരിചയപ്പെട്ട് സ്നേഹിതനോ സ്നേഹിതയ്ക്കോ പണം നൽകി സഹായിച്ച്  പറ്റിക്കപ്പെട്ട് സ്വന്തം കുടുംബം നശിപ്പിച്ചവരെത്രപേർ? എല്ലാ പ്രായവിഭാഗക്കാരുമുണ്ടെങ്കിലും ഇവയിൽ

മുൻപന്തിയിൽ നിൽക്കുന്നവരാണ് നമ്മുടെ യുവത്വം. ഇൻന്റർനെറ്റിന്റെ മാന്ത്രികതയിൽ മുഴുകി ഭാവിയും, ജീവനും ഇൻന്റർനെറ്റിനാൽ തകർത്ത് വിഷാദത്തോടെ കഴിയുന്നവർ എത്രപേർ? തീവ്രവാദ സംഘടനകളിലും ചേർന്ന് മനുഷ്യരെയും മൃഗങ്ങളേയും ഒരുപോലെ ഉപദ്രവിക്കുന്നവർ എത്രപേർ? അധിക്കാരത്തിന്റെ ഉയർന്ന നിൽപ്പിൽ വന്നവഴിയറിതെ പോയവർ എത്രപേർ? കെ.റ്റി.എമ്മിന്റെയും മറ്റും,അതായത് അവരവരുടെ പ്രിയവാഹനങ്ങളിൽ കയറി, നിയമവിരുദ്ധരീതിയിൽ വാഹനങ്ങൾ പായിച്ച് റോഡിനെയൊന്നാകെ നശിപ്പിക്കുന്ന, സ്വന്തം ജീവിനും മറ്റുള്ളവരുടെ ജീവനും അപകടത്തിലാക്കുന്നവർ എത്രപേർ? വളർന്ന് പന്തലിക്കുന്ന ബിസിനസ്സ് സ്ഥാപനങ്ങളിൽ യുവത്വത്തിന്റെ ചോരത്തിളപ്പിൽ ഇരുന്ന് മനുഷ്യത്യമെന്നതറിയാതെ പണം സമ്പാദിക്കുന്നവർ എത്രപേർ? ഭാവിയുടെ വാഗ്ദാനങ്ങളാവേണ്ടവർ,നാളെയുടെ കാവലാകേണ്ടവർ നേതൃത്വം നൽകേണ്ടവർ, വികസനത്തിന്, വിജയത്തിന് വഴിയൊരുക്കേണ്ടവർ

നമ്മുടെ വളരുന്ന തലമുറയെ നാം കാക്കണം.വരും തലമുറക്ക് നാം കാവലാകണം.തെറ്റിന് ശിക്ഷയുണ്ടാകണം കേരളത്തിന്റെ ഭാവി കേരളത്തിന്റെ ശ്വാസം കേരളത്തിന്റെ യുവത്വങ്ങളുടെ കൈയിലാണ്. ലഹരി,ഇൻന്റെർനെറ്റ് പ്രണയം തുടങ്ങിയവ വിവിധ വെല്ലുവിളികൾ നേരിടേണ്ട രീതിയിൽ നേരിട്ട് തിന്മയെ എതിർത്ത് നല്ലൊരു യുവത്വം നമ്മുക്കുണ്ടാകട്ടെ

( Bijina A.B )

***************

# മാതൃത്വത്തിന്റെ മഹത്വം



മാതൃത്വത്തിന്റെ മഹത്വമറിയണം
നാമെല്ലാം നന്നായി വളരണം
മാതൃത്തമെന്നാൽ വെറുമൊരുവാക്കില്
തീരുന്നതല്ലെന്നുമറിയണം
നാം എന്നും അറിഞ്ഞുവളരണം
ജന്മം നല്കുന്നതിലൂടെ ജനിക്കുന്ന
കുഞ്ഞിനൊപ്പം ജനിക്കുന്നു
ഒരോ അമ്മമാരും ഈ ഭൂമിയിൽ.....
അമ്മയെന്ന ആല്മരച്ചുവട്ടിൽ
കളിച്ചുനടക്കുന്ന ഒരോ കുഞ്ഞിനും
അമ്മയുടെ തണല് ഓർമ്മയുണ്ടാവണം.....
അമ്മയാം തൊട്ടിലിൽ വളരുന്നു
നാം വൃദ്ധയാം അമ്മയ്ക്കു-

മുമ്പിൽ ഭൂമിയായിടേണം....
അമ്മമടിത്തട്ട് ലോകത്തിന്
സ്നേഹമെങ്കിൽ അമ്മതന്നെ നമ്മുടെ സ്വർഗ്ഗം...
അമ്മയില്ലാതെയാകുന്ന ദിവസമുണ്ടെങ്കിൽ
അന്നുതന്നെ നമ്മുടെ നരകം.....
മറക്കാത്ത രുചിയുള്ള അമ്മിഞ്ഞപ്പാലിന്റെ
മധുരമറിഞ്ഞതും....
കൊഞ്ചിക്കളിപ്പിച്ച് ആദ്യാക്ഷരം
അമ്മ പഠിപ്പിച്ചതും.....
നാം ഒരിക്കലും മറക്കരുത്.....
അമ്മ എന്ന വിളി നിൽക്കുന്ന അന്ന്
നിലക്കുന്നത് വെറുമൊരു പേര് മാത്രമല്ല....
അമ്മ എന്ന സ്നേഹത്തിൽ പൊതി-
ഞ്ഞൊരു മാണിക്യമാണെന്നും ഓർക്കണം....
എന്തു ദുഃഖം വന്നാലും മക്കളെയറിയി-
ക്കാതെ സ്വയം എല്ലാം ഏറ്റെടുക്കുന്ന
നല്ലമനസിന് ഉടമയാണവൾ....
പട്ടിണിയാണെങ്കിൽ പോലും താൻ
പോലും കഴിക്കാതെ മക്കളെ
പോറ്റുന്നവൾ ആണോരോ അമ്മയും!
അവൾ തണലല്ല,മരമല്ല,വെറുമൊരു
ഭാരമാണെന്ന് പറയുന്ന ഒരോ മക്കളും
ഒരുനാൾ അറിയും അമ്മയുടെ മഹത്വം

( Devika P )

# ലഹരിയുടെ കെണി



**ഒ**രു ദിവസം +2 ക്ലാസിലെ കുട്ടികൾ കൂടി ആലോചിക്കുന്നത് കണ്ട എനിക്ക് ഒരു സംശയം. ഇവരുടെ കൂട്ട് അത്ര നല്ലതല്ല. അതിൽ എനിക്ക് അറിയാവുന്ന ഒരു കുട്ടിയോട് ഞാൻ പറഞ്ഞു “അരുത് ”ആ കൂട്ട് അത്ര ശരിയല്ല. പക്ഷേ അവൻ അത് അനുസരിക്കാൻ തയ്യാറായില്ല അവൻ കൂട്ടത്തിൽ ചേർന്ന് അവർ ചെയ്യുന്ന എല്ലാം അവനും ചെയ്യാൻ തുടങ്ങി. ഞാൻ അവനെ വീണ്ടും വീണ്ടും ഉപദേശിച്ചു. അവൻ അത് ചെവിക്കൊണ്ടില്ല. അവൻ കൂടുതൽ ആ കൂട്ടവുമായി നടക്കാൻ തുടങ്ങി. പിന്നെ വീട്ടുകാരോടും നാട്ടുകാരോടും അടുപ്പം കാണിക്കാതെയായി. അവന് ആകെ ഉള്ള ഒരു നല്ല സ്വഭാവം, എണീറ്റ് ചെടികൾക്ക് വെള്ളമൊഴിക്കുന്നതാണ്. എനിക്ക് അവനെ ഭയങ്കര സംശയം തോന്നിത്തുടങ്ങി. പിന്നെയും ഞാൻ പറഞ്ഞു അരുത്, അരുത്, ആ കൂട്ട് അത്ര നല്ലതല്ല എന്ന്. പിന്നെ അവൻ പല ലഹരി വസ്തുക്കളും ഉപയോഗിക്കാൻ തുടങ്ങി. ഞാൻ വീണ്ടും വീണ്ടും പറഞ്ഞു “അരുത് ” എന്ന്. പക്ഷേ അവൻ എന്നോട് കയർത്തു. എന്നോട് ഭയങ്കര ബഹുമാനം ഉള്ള ചെക്കനായരുന്നു ആ കൂട്ടത്തിൽ കൂടിയതിന് ശേഷം അവന്റെ സ്വഭാവം മുഴുവനും മാറി. ദിവസം കഴിയെ അവൻ കൂടുതൽ ചീത്ത സ്വഭാവത്തിലേക്കും പോവാൻ തുടങ്ങി. ദിവസങ്ങൾ കഴിഞ്ഞു മാസങ്ങളും

കഴിഞ്ഞു. ഒരു ദിവസം അവനെ പോലീസ് പിടികൂടി. അവൻ രാവിലെ എല്ലാ ദിവസവും വെള്ളം ഒഴിച്ച ചെടി കഞ്ചാവ് ആയിരുന്നു. അവനെ പിടിച്ച കഥ നാട്ടുകാരും വീട്ടുകാരും അറിഞ്ഞു അത് വലിയ വാർത്തയായി. അവന് വർഷങ്ങൾ ജയിൽ ശിക്ഷ കിട്ടി അങ്ങനെ മാസങ്ങൾ കഴിഞ്ഞു. അവന്റെ പെങ്ങൾ കല്ല്യാണപ്രായമായി. വരുന്ന ചെക്കന്മാരാല്ലാം കഞ്ചാവിന്റെ പെങ്ങളാണെന്ന് പറഞ്ഞ് അവന്റെ പെങ്ങളെ ഒഴിവാക്കി. അങ്ങനെ ജീവിതം മതിയായി. അവൾ ആത്മഹത്യ ചെയ്തു ആ വാർത്ത അവന്റെ ചെവികളിലും എത്തി. അവന്റെ നെഞ്ച് പൊട്ടി. അവന് ഭയങ്കര സങ്കടമായി. അവൻ ഒരു തീരുമാനമെടുത്തു, അവൻ നന്നായി അങ്ങനെ ജയിൽ ശിക്ഷ കഴിഞ്ഞ് ഇതു പോലെ കഞ്ചാവും ലഹരിയുമായി നടക്കുന്നവരെ നന്നാക്കാൻ തുടങ്ങി. അന്ന് ഇവനോട് അരുത് എന്ന് പറഞ്ഞത് പോലെ ഇവൻ അരുത് എന്ന് പറയാൻ തുടങ്ങി അങ്ങനെ അവന്റെ പെങ്ങൾ ആത്മഹത്യ ചെയ്തത് ഓർത്ത് ജീവിച്ച അന്ന് അവൻ ചെയ്ത കുറ്റത്തിന് ഇപ്പോൾ അവൻ അനുഭവിക്കാൻ തുടങ്ങി

പാഠഭാഗം: നല്ല കൂട്ടത്തിൽ കൂടിയാൽ നന്നാവാം,

ചീത്ത കൂട്ടത്തിൽ കൂടിയാൽ ചീത്തയാവാം

നമ്മൾ ചെയ്യുന്ന കുറ്റത്തിന് നമ്മൾമാത്രമല്ല മറ്റുള്ളവരും അനുഭവിക്കും ഓർക്കുക

"അരുത് "പറയേണ്ടയിടത്ത് പറയുക

( Rishikesh T.V )

**********

# അമ്മ



എൻ മനസ്സിനുള്ളിൽ നിറഞ്ഞു തുളുമ്പുന്ന
വാക്കുകളാം മാതൃത്ത്വം.
മാതൃത്ത്വത്തിൻ മാധുര്യമറിയാതെത്രപേർ
ലോകമാകെയുന്നൂ...
എൻ സൗഭാഗ്യമാണാ മാതൃത്തമാം അമ്മ...
എങ്കിലും...

മാതൃത്ത്വത്തിൻ മഹത്ത്വമറിയാതെത്രപേർ
കരുണയില്ലാതെത്രപേർ
ചവറുകൂനകൾ പോലെ വഴിയരികിൽ ഉപേക്ഷിക്കുന്നു...
മക്കളാനെൻ ജീവൻ, മക്കളാണെൻ ജീവിതം,
മക്കളാണെന്റെയെല്ലാം,
എന്ന് രാവും പകലും ഒരേ ഭാവത്തിൽ
ഒരേ ശബ്ദത്തിൽ ഉരുവിടുന്ന മാതൃത്ത്വമാം
അമ്മയെ...
ആ മനസ്സിനുള്ളിൽ വർഷങ്ങളായി
പൊടിച്ചുകിടക്കുന്ന ആരും തിരിഞ്ഞുനോക്കാത്ത പുസ്തകം പോലെ
അമ്മതൻ ആഗ്രഹങ്ങൾ വഴിമാറുന്നു...
അമ്മ തൻ അമ്മിഞ്ഞപ്പാലിൻ മാധുര്യത്തേക്കാൾ
മഹത്ത്വമേറിയത് മറ്റെന്തുണ്ട്?

അമ്മ തൻ പൂവിതൾ പോലെ
മൃദുലമായ
ബിംബത്തിലെ മായാത്ത
പുഞ്ചിരിയിൽ...
തണുത്തുറഞ്ഞ ജലം അലിഞ്ഞു
പോകുന്ന
പോൽ അലിയുന്നു.
എൻ ദുഃഖത്തിലും സന്തോഷത്തിലും
ഒരുപോലെ

പങ്കുചേരുന്നവെൻ അമ്മ.
എൻ മനസ്സിനുള്ളിൽ നിറഞ്ഞു
തുളുമ്പുന്ന



സുന്ദര സുരഭിലമാം വാക്കുകളാണ്
മാതൃത്വം
തൻ സന്താനങ്ങൾക്ക് വേണ്ടി മരണത്തെ
വരെ വെല്ലുവിളിക്കുമാം മാതൃത്വം
അമ്മതൻ പളുങ്കുപോൽ തിളങ്ങുന്ന
കണ്ണുകൾ നിറയുന്നത്...
എൻ മനസ്സിലെ മുള്ളുപോലെ
കുത്തി നോവുന്നു.

എൻ ദൈവമാണമ്മ
എൻ ജീവനാണമ്മ
ആ പൂമുഖം മാട്ടുവാൻ
ഞാനനുവദിക്കുകയില്ല
ആ പുഞ്ചിരിയതു പോൽ ജീവിത
കാലം മുഴുവൻ പ്രകാശപൂരിതമായി
നിൽക്കാൻ സാധിക്കട്ടെ
ആ കണ്ണുനീർ എൻ ഹൃദയത്തിൽ
പ്രളയം ഉണ്ടാക്കുന്നു.
എൻ സമാധാനത്തിൻ വെള്ളരി
പ്രാവാണെന്നമ്മ...
അവൾ സ്വതന്ത്രമായി പറക്കട്ടെ
പറന്നകലട്ടെ....

( Rishana O.P )

# എന്റെ ഭാഷ

# മലയാളം

എൻ ഭാഷതൻ മനസിൻ കുളിർമ
കേവലം കേവലം നൽകിടുന്ന
എൻ ഭാഷ എൻ ജീവനിതാ
എൻ സ്വന്തമായതും എൻഭാഗ്യമാ
എന്റെ മാതൃഭാഷ..... എന്റെ മാതൃഭാഷ....
മലയാളമായതും എൻ ഭാഗ്യമാ

( Rizwana P )

# മഴത്തുള്ളികൾ



മുത്തുമണിമാല പോലെയുള്ള മഴ !

എന്തുരസം, എന്തുരസം കള കള

ഒഴുകുന്ന പുഴകൾ, എന്തുരസം എന്തുരസം

തുള്ളിച്ചാടി രസിക്കുന്ന മീനുകൾ

മഴയത്ത്

ആടിരസിക്കുന്ന മയിലുകൾ ....

കൊമ്പ് കുലുക്കി ഓടുന്ന മാൻപേടകൾ

അതിലൂടം ഓടിച്ചാടി രസിക്കുന്ന കുട്ടികൾ....

കുഞ്ഞു പൂമൊട്ടുകൾ ചിരിച്ചിരിക്കുന്നു.......

( Anamika N.V )



# ഹൃദയത്തിന്റെ ശബ്ദം

നമ്മുടെ സ്കൂളിന്റെ വാർഷിക ദിനത്തിൽ പരിപാടികൾ ഉണ്ടായിരുന്നു എന്ന് നമ്മളുടെ ഹെഡ് മാസ്റ്റർ പ്രസംഗം പറഞ്ഞതിന് ശേഷം ഒരു ആൾ സ്റ്റേജിലേക്ക് കടന്നു വന്നു അയാൾ സംസാരിച്ചു തുടങ്ങി "എന്റെ പേര് എബിൻ എന്നാണ്. എന്നെ ഇവിടെ ആർക്കും മുൻപരിചയം ഉണ്ടാവാൻ സാധ്യതയില്ല. ഇന്ന് ഞാൻ നിങ്ങളെ കാണുമ്പോൾ ഒരു കഥയാണ് എന്റെ മനസ്സിലേക്ക് ഓടിവേരുന്നത്. കഥയുടെ തുടക്കം ഒരു കൊച്ചു നാട്ടിൻപുറത്ത് ആണ്.

അവിടെ ഉള്ള ഒരു പാവപെട്ട വീട്ടിൽ ഒരു അമ്മയ്ക്കും അച്ഛനും ഒരു ആൺ കുട്ടി ഉണ്ടായി. അവനെ അവർ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത് അവനു രണ്ടു വയസുള്ളപ്പോൾ അവന്റെ അച്ഛൻ മരിച്ചു,പോയി അവന്റെ അമ്മ ഒറ്റക്കാണ് അവനെ വളർത്തിയത്. വളരെ കഷ്ടപ്പെട്ടു ആണ് അവനെ അവൾ വളർത്തിയത് അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും അവൾക്ക് കഴിയുന്നതെല്ലാം അവൾ അവനു ചെയ്തു കൊടുക്കുമായിരുന്നു, അവനെ സന്തോഷിപ്പിക്കാൻ. അങ്ങനെ അവൻ ആ കഷ്ടപ്പാടേറിയ കാലങ്ങളിലൂടെ വളർന്നു +2 ൽ എത്തി അവൻ എല്ലാ കാര്യങ്ങളിലും നല്ല മിടുക്കനായിരുന്നു . പക്ഷേ എല്ലാവരെയും പോലെ തന്നെ, തന്റെ മനസ്സ് തന്നോട് പറയുന്നത് അവൻ കേട്ടിരുന്നില്ല അവൻ എന്തെങ്കിലും തെറ്റ് ചെയ്യാൻ പോകുമ്പോൾ തന്റെ മനസ്സ് "അരുത്" എന്ന് പറയുന്നത് അവൻ കേട്ടിരുന്നില്ല .

കുട്ടികൾ എല്ലാവരും ശ്രദ്ധിച്ചിരുന്നു.

എബിൻ തുടർന്നു....

അങ്ങനെ സ്വന്തം മനസ്സിന്റെ വാക്കുകൾ കേൾക്കാതെ അവൻ തെറ്റിന്റെ മാർഗത്തിലൂടെ സഞ്ചരിച്ചു. അങ്ങനെ ഒരു ദിവസം അവൻ സ്കൂൾ ഗ്രൗണ്ടിലിരുന്നു ഭക്ഷണം കഴിക്കുകയായിരുന്നപ്പോൾ, അവനു ലഹരി പിടിപ്പിക്കുന്ന ഒരു ഗന്ധമാകെ പടർന്നിരുന്നു അവൻ സുഗന്ധത്തിന്റെ ഉറവിടം കണ്ടുപിടിക്കാൻ തീരുമാനിച്ചു. അവന്റെ മനസ്സ് എപ്പോഴും അവനോടു പറയുന്നുണ്ടായിരുന്നു അരുത് അരുത് എന്ന് .പക്ഷേ അവന്റെ ആകാംക്ഷ അതിനെ അവന്റെ ഉള്ളിൽ ഞെരിച്ചു കളഞ്ഞു. അവൻ അങ്ങനെ ഒരു ഇടുങ്ങിയ കെട്ടിടത്തിന്റെ അടുത്തു എത്തി ചേർന്നു. അവിടെ അവന്റെ കൂട്ടുകാരായ കുറച്ച് കുട്ടികൾ കൂടി നിന്ന് ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് കൊണ്ടിരിക്കുകയായിരുന്നു. അവനെ കണ്ടപ്പോൾ ആദ്യം അവർ ഒന്ന് ഞെട്ടി .പക്ഷേ ഒരു പുതിയ ആളെ കിട്ടിയതിന്റെ സന്തോഷം അവർക്ക് കൂടുതൽ ഉണ്ടായിരുന്നു .

അവർ അവനെ കൂടെ കൂട്ടാൻ പ്രേരിപ്പിച്ചു പക്ഷേ ആദ്യമൊന്നും അവൻ വഴങ്ങിയില്ല. പക്ഷേ അവനെ അവർ കൂടുതൽ നിർബന്ധിച്ചപ്പോൾ അവൻ സമ്മതിച്ചു അവന്റെ മനസ്സിലെ അരുത് അരുത് എന്ന ശബ്ദത്തെ അവൻ വെറും ഒരു തോന്നലായി അവഗണിച്ചു.



അങ്ങനെ മാസങ്ങൾ കടന്നു പോയി അവൻ ക്യാൻസർ എന്ന മാരക രോഗത്തിന് കീഴ്പെട്ടു പോയി .പക്ഷേ ഡോക്ടർമാരുടെ കഠിന പരിശ്രമം കൊണ്ടും അവന്റെ അമ്മയുടെ ഉള്ളുരുകിയൊള്ള പ്രാർത്ഥന കൊണ്ടും അവൻ ആ രോഗത്തിൽ നിന്നും വിമുക്തനായി. അതുകഴിഞ്ഞ് അവൻ അവന്റെ അമ്മയുടെ അടുക്കൽ വന്നു. അവന്റെ അമ്മ സന്തോഷം കൊണ്ടും സങ്കടം കൊണ്ടും പൊട്ടി കരയുകയായിരുന്നു അതു കണ്ട് നിന്ന അവന്റെ മനസ്സ് തകർന്നു പോയി. അവൻ വീട്ടിൽ വന്നു തന്റെ മുറിയിൽ കയറി ഇരുന്നു അവൻ

ആശുപത്രിയിൽ വെച്ച് സംഭവിച്ച കാര്യങ്ങളെ കുറിച്ച് ഓർത്തു അവന്റെ മനസ്സ് അവനോടു അരുത് അരുത് എന്നു പറഞ്ഞത് കേട്ടിരുന്നെങ്കിൽ എന്ന് അവൻ ആലോചിച്ചു. അവന്റെ മനസ്സ് അവനോട് പിന്നെയും പിന്നെയും ഒന്നും അവസാനിച്ചിട്ടില്ല എന്ന് പറയുന്ന പോലെ അവനു തോന്നി . അവൻ തന്നോട് തന്നെ പറഞ്ഞു ഒന്നും അവസാനിച്ചിട്ടില്ല അപ്പോൾ അവനു 25 വയസായിരുന്നു.

തന്റെ തെറ്റ് തിരുത്താൻ ഇനിയും സമയം ഉണ്ട് എന്ന് അവനു തോന്നി. അവൻ മനസ്സിന്റെ വാക്കുകൾ കേൾക്കാൻ തുടങ്ങി. അങ്ങനെ അവൻ നന്നായി കഷ്ട്ടപെട്ട് പഠിക്കാൻ തുടങ്ങി അങ്ങനെ അവൻ ഒരു തീരുമാനം എടുത്തു തന്റെ അമ്മയെ ഇനി കരയാൻ സമ്മതിക്കില്ല എന്ന് തീരുമാനിച്ചു. അവൻ പഠിച്ചു വിദേശത്തേക്ക് പോയി അവിടെ അവൻ ട്രാൻസ്പോർട്ട് ഏജൻസി തുടങ്ങാൻ തീരുമാനിച്ചു .ആദ്യം അവനു ആകെ ഒരു വോൾവോ ട്രക്ക് മാത്രമേ ഉണ്ടായിരുന്നുള്ളു ഇപ്പോൾ അവനു അവിടെ 25 ട്രക്ക് ഓടുന്നുണ്ട് അവനു സ്വന്തമായി 4 കാറുകൾ ഉണ്ട് അവന്റെ അമ്മയെ ഇപ്പൊൾ അവൻ ഒരു റാണിയെ പോലെ നോക്കുന്നു. ഇതെല്ലാം കഴിഞ്ഞ് കുറച്ച് കാലങ്ങൾ കഴിഞ്ഞു സ്കൂളുകളിൽ മോട്ടിവേഷൻ ക്ലാസ്സുകൾ എടുക്കാൻ ക്ഷണിക്കപ്പെട്ട് അങ്ങനെയാണ് അവൻ ഇപ്പോൾ നിങ്ങളുടെ മുമ്പിൽ വന്നു നിങ്ങൾക്ക് മോട്ടിവേഷൻ തരാൻ നിൽക്കുന്നത്



താഴേ ഇരുന്നു കുട്ടികൾ എല്ലാവരും കയ്യിയടിച്ചു

അവൻ ഇത് കൂടി പറഞ്ഞു


ഇത് എന്റെ ജീവിതം ആണ് ഇനി നിങ്ങളുടെ ജീവിതം നിങ്ങളുടെ കയ്യിലാണ് ഉള്ളത് നിങ്ങൾ ആണ് അത് എങ്ങനെ ജീവിക്കണം എന്ന് തീരുമാനിക്കേണ്ടത് ഒരു പ്രാവിശ്യം വേനെന്ന് വിചാരിച്ച

നമ്മൾ പിൻമരരുത് നമ്മൾ വീണ്ടും വീണ്ടും പരിശ്രമിക്കണം അപ്പോൾ വിജയം നമ്മുടേതായി തീരും

പ്രതിസന്ധികൾ ജീവിതത്തിൽ പലപ്പോഴും ഉണ്ടാകും അതിനെ മറികടക്കുക എന്നതാണ് നമ്മൽക്കുള്ള ചുമത്തില ഇത്രെയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്ന നന്ദി കുട്ടികൾ എല്ലാവരും എഴുന്നേറ്റു നിന്ന് കയ്യടിക്കാൻ തുടങ്ങി അപ്പോൾ എബിൻ ഒരു ചെറു പുഞ്ചിരിയോടെ വേദിയിൽ നിന്നിറങ്ങി പോയി

( Steny Mariya Shaji )

# അമ്മയുടെ മഹത്വം




അവൾ തന്ന ജീവിതം സുന്ദരം
കാത്തു അവൾ എന്നെ പൊൻനിധിപോലെ
ഉള്ളിന്റെ ഉള്ളിലെ നോവിൻ
ഇരുൾമുറിയിലായ് കാത്തു
ഒരുവട്ടം ഇനി ഞാൻ കാണാൻ കൊതിപ്പൂ
എവിടെയാണവളെന്നു ചൊല്ലൂ
കാട്ടും മലയും കണ്ടതല്ലേ അവൾ
മണ്ണിന്റെ മാറോട് ചേർന്നു.........

( Anishma V )

# അമ്മമനസ്സ്



പ്രപഞ്ചമഹത്വമാം
സ്നേഹനിർമ്മലമാം
എൻ ജീവനൈശ്വര്യമാം
സത്യധർമ്മതിനതിക്രിതമാം
സ്നേഹസാരനിധിയാം എന്നമ്മ
ദുർഗ്ഗുണസങ്കൽപ്പങ്ങൾ അകറ്റാൻ
ജീവിതസൽഗ്ഗുണസമ്പന്നമാക്കാൻ
എൻ അമ്മ കനിഞ്ഞെൻ ജീവിതമാകെ
വാനിൽനിന്നും താരകങ്ങൾ വർഷിക്കും
പോൽ എൻ ഉഷസ്സിൽ
നൽ പ്രതീക്ഷകൾ
വർഷിച്ചെന്നമ്മ
എൻ മനം വാടുമ്പോൾ
ചേർത്തുപിടിക്കാൻ
എൻചിരിത്തമാശകളിൽ

കൂടെച്ചിരിക്കാൻ
വീടിനൈശ്വര്യമാമെന്നമ്മ
വൃഷ്ടിതൻ കുളിരേകുംപോൽ
എൻ ജീവനിൽ കുളിരേകിയവൾ
നീയാണെൻജീവനകുളിർ
എൻ ജീവനടിത്തറയും
മൃദുലസ്പർശനത്താൽ
എൻജീവൻസുരഭിതമാക്കിയവൾ
ചന്ദ്രനെപ്പോൽത്തിളങ്ങുമാമ്മുഖം എന്നും
എൻ മനമതിൽ വിരിഞ്ഞുനിന്നു
സുവർണ്ണകനകം പോൽ
വിലമതിപ്പൂ അവൾ
എൻ ജീവനിൽ
എൻ സ്നേഹസാരനിധിയാം
അമ്മ.

( Juvana Ashish )

**************

# അരുത്



**അ**രുത് ഇല്ല, എന്ന പറഞ്ഞാൽ എല്ലാം ഒരു ഒറ്റനിമിഷം മതി ഇല്ലാതാവാൻ.ഈ കാലഘട്ടത്തിൽ, അതായത് ഈ പുതുതലമുറയ്ക്ക് അരുത് എന്ന പറയാൻ വളരെ മടിയാണ്. ഒരിക്കലും നമ്മൾ മടിക്കരുത് അരുത് 'ചെയ്യരുത്' എന്നൊക്കെ പറയാൻ.ഒരു വട്ടം നമ്മൾ അരുത് എന്ന പറയാൻ മനസ്സിനെ സജ്ജമാക്കി ഒന്ന് അരുത് എന്ന പറഞ്ഞു നോക്കൂ, എന്തൊക്കെ മാറ്റമാണ് ഈ കാലത്ത് നടക്കുന്നത് എന്ന് നമ്മുക്ക് കാണാൻ കഴിയും.ഗാന്ധിജി അരുത് ഇന്ത്യക്കാരെ ഉപദ്രവിക്കരുതേ അവരെ സ്വതന്ത്രരാക്കൂ എന്ന പറഞ്ഞു അതിന വേണ്ടി വളരെയതികം പ്രയത്നിച്ചു. അതിന ശേഷമുള്ള ഒരു വ്യത്യാസം വളരെ വലുതായിരുന്നു. നമ്മൾ, ഇന്ത്യക്കാർ സ്വതന്ത്രരായി മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാൻ പ്രാപ്തരായി സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടിഷ് സാമ്രാജ്യങ്ങളിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിനെ പ്രാണനിലേയ്ക്ക് ആവേശിപ്പിച്ച് ഇന്ത്യയെ സ്വതന്ത്രമാക്കാൻ പ്രയത്നിച്ച മഹാത്മാ ഗാന്ധിയും തന്റെ ഉറച്ച ശബ്ദത്തോടെ പറഞ്ഞതും അതായിരുന്നു. ഗാന്ധിജിയെപ്പോലെ തന്റെ മക്കളോടും കൊച്ചുമക്കളോടും എവിടെയാണെങ്കിലും അരുത് എന്ന് പറയേണ്ട സ്ഥലത്ത് അരുത് അന്ന് തന്നെ പറയണം എന്ന പറയുന്ന ഒരാളുണ്ടായിരുന്നു. ഒരു ഗ്രാമത്തിലെ വയസ്സായ ഒരു മുത്തച്ഛൻ. അദ്ദേഹം തന്റെ മക്കളെയൊക്കെ എപ്പോൾ അരുത് എന്ന് പറയണം എന്ന് പഠിപ്പിച്ചച്ചിരുന്നു. തന്റെ കൊച്ചുമക്കളിൽ ഏറ്റവും ചെറിയ മകൻ സ്കൂളിൽ പരീക്ഷയ്ക്ക് കോപ്പിയടിക്കാൻ ഒരു കൂട്ടുകാരൻ പ്രലോഭിപ്പിച്ചു. അവൻ മറിച്ചൊന്നും ആലോചിക്കാതെ അരുത് ഞാൻ ചെയ്യില്ല നീയും ചെയ്യരുത്

എന്ന് പറഞ്ഞു. ആ കുട്ടിയുടെ കൂട്ടുകാരൻ ചെയ്തു പക്ഷേ അവന്റെ മുത്തച്ഛൻ പകർന്ന് നൽകിയ തത്വം സ്വീകരിച്ച് ആ തെറ്റ് അവൻ ചെയ്തില്ല അവൻ തന്റെ മുത്തച്ഛനോട് വീട്ടിൽ വന്നപ്പോൾ പറഞ്ഞു മുത്തച്ഛൻ കുട്ടിയോട്പറഞ്ഞു നീ വളരെ നല്ലൊരു കാര്യമാണ് ചെയ്തിരിക്കുന്നത് നീ നിന്റെ കൂട്ടുകാരനെ ആ തെറ്റിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചല്ലോ.ഗാന്ധിജിയെയും മറ്റു മഹാത്മാക്കളും ആത്മാവായത് അരുത് എന്ന ഒറ്റവാക്കിൽ നിന്നാണ് അത് ഈ പുതുതലമുറയ്ക്ക് ഉൾക്കൊള്ളാൻ സാധിക്കട്ടെ. നീ ഈ ചെയ്ത പ്രവർത്തി ഇനി നിന്റെ മുൻപിലുള്ള കാലങ്ങളിലും നീ ചെയ്യാൻ ശ്രമിക്കണം. ഈ അരുത് എന്ന വാക്ക് നിന്നിലൂടെ മറ്റുള്ളവർക്കും ഒരു പ്രചോദനമാകട്ടെ.

( Alna Theresa Joy )

****************



# അരുതാത്ത പ്രവർത്തികൾ

**ഒ**രു രാത്രി അവൾ മേശക്കരികിൽ ഇരുന്നു. എന്ത് എഴുതണമെന്ന് ഒരു നിശ്ചയവുമില്ല മനസ്സ് എവിടെക്കോ പറന്നകന്ന പോലെ അവൾക്ക് തോന്നി. എന്നാലും അവൾ പരിശ്രമിച്ചു. എന്തെഴുതും ഒരു പിടിയുമില്ല. പെട്ടെന്ന് ഒരാശയം തോന്നി പഴയ ഏതെങ്കിലും ബുക്കിലെ എന്തെങ്കിലും ഭാഗം എഴുതിവെക്കാം.ആർക്കും മനസ്സിലാവാൻ ഒന്നും പോകുന്നില്ലല്ലോ. എഴുതിക്കൊണ്ടിരിക്കുമ്പോൾ അമ്മ അവളുടെ അടുത്തേക്ക് വന്നു എന്തായി നിന്റെ എഴുത്തൊക്കെഅമ്മ ചോദിച്ചു. അവൾ ഒരു പരുങ്ങലോടെ മമ് എന്ന് മൂളി. പക്ഷേ തന്റെ മടിത്തട്ടിൽ വെച്ചിരുന്ന ആ ബുക്ക് അമ്മ കാണാനിടയായി. അമ്മ ചോദിച്ചു എന്തിനാ നീ ഒളിപ്പിച്ചു വച്ചിരിക്കുന്നേ. അവളുടെ പരുങ്ങൽ കണ്ടപ്പോൾ തന്നെ അമ്മയ്ക്ക് കാര്യം മനസ്സിലായി. അമ്മ അവളോട് പറഞ്ഞു മകളേ അരുത് അങ്ങനെയൊരിക്കലും ചെയ്യരുത് അത് തെറ്റായ പ്രവൃത്തിയാണ്. നിന്നോട് സ്വന്തമായാണ് എഴുതാൻ പറഞ്ഞത് നീ ഒരിക്കലും കള്ളത്തരം ചെപക്ഷേ അവൾക്കപ്പോഴും മനസ്സിലായില്ല അമ്മ എന്താ ഇങ്ങനെ പറയുന്നതെന്ന് ഞാൻ വേറെ ബുക്ക് നോക്കി എഴുതുന്നത് ആരും അറിയുന്നില്ലല്ലോ.പിന്നെന്തിനാ അമ്മ അരുതന്ന് പറഞ്ഞതെന്ന്.പക്ഷേ അമ്മ പറഞ്ഞിട്ടും അവൾ അത് ചെയ്തു കാരണം ഇന്നാള് ഒരിക്കൽ അമ്മ വീട്ടിലെ പശുവിന്റെ പാൽ കറന്ന് വിൽക്കാൻ

കൊണ്ടുപോകുമ്പോൾ അമ്മ അതിൽ വെള്ളം ചേർത്തു അപ്പോൾ അമ്മമ്മ പറഞ്ഞു മകളെ അരുതെന്ന് പക്ഷേ അമ്മ അത് കേട്ടില്ല. അതുകൊണ്ടുതന്നെ അവൾ അമ്മ പറഞ്ഞതും കേട്ടില്ല. അമ്മയ്ക്ക് കള്ളത്തരം ചെയ്യാം എനിക്ക് ചെയ്യാൻ പാടില്ല അത് എവിടുത്തെ ന്യായമാണ് എന്നതായിരുന്നു അവളുടെ ചിന്ത.ഒരു ദിവസം അവൾ സ്കൂളിലേക്ക് പോകുമ്പോൾ റോഡ് അരികിൽ ഇവിടെ മാലിന്യം തള്ളരുത് എന്ന് വലിയ ബോർഡിൽ എഴുതി വെച്ചതായി കണ്ടു എന്നാൽ ആ ചുറ്റുപാടും മുഴുവൻ മാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നു അപ്പോൾ അവരുടെ മനസ്സിൽ വന്നത് ആ ചിന്തയാണ് അമ്മമ്മ അമ്മയോട് എന്ന് പറഞ്ഞിട്ടും അമ്മ കേട്ടില്ല അമ്മ തന്നോട് പറഞ്ഞിട്ടും താൻ അത് കേട്ടില്ല ഇപ്പോൾ ഇതാ ഇവിടെ മാലിന്യം തള്ളരുത് എന്ന് പറഞ്ഞിട്ടും മുഴുവൻ മാലിന്യങ്ങളും നിക്ഷേപിച്ചിട്ടുണ്ട്. അപ്പോൾ അവൾ ആലോചിച്ചു ശരിക്കും അരുത് എന്ന് പറഞ്ഞാൽ അത് ചെയ്യരുത് എന്നാണോ അതോ അത് ചെയ്യണം എന്നാണോ അവൾക്ക് ഒന്നും മനസ്സിലായില്ല. അവൾ പലതും ആലോചിച്ചു പിന്നെയും അവളുടെ മനസ്സിലേക്ക് എന്തൊക്കെയോ കടന്നുവന്നു. ആ 15 കാരിയുടെ സംശയങ്ങൾ ഉള്ളിൽ ഒതുക്കാൻ കഴിയാതെ അവളത് അവളുടെ അച്ഛന്റെ അടുത്ത് പങ്കുവച്ചു മകളുടെ സംശയങ്ങൾക്ക് ഉത്തരം നൽകാൻ കഴിയാതെ എന്ത് പറയണം എന്നറിയാതെ അച്ഛൻ കുഴങ്ങി മകൾ പറഞ്ഞതിലും കാര്യമുണ്ട് കാരണം നമ്മളോട് എന്തുചെയ്യരുത് എന്ന് പറഞ്ഞാൽ അമ്മക്ക് അത് ചെയ്യണം എന്നൊരു ഉണ്ടാവും മറിച്ച് അത് നീ ചെയ്യണമെന്ന് പറഞ്ഞാൽ നമ്മൾ അത് പ്രവർത്തിക്കുകയുമില്ല നമ്മൾ എന്തും ആദ്യം കണ്ട് പഠിക്കുന്നത് അതാ നമ്മുടെ മാതാപിതാക്കൾ നിന്നാണ്. അവർ ചെയ്യുന്ന പല കാര്യങ്ങളും നമ്മളും ചെയ്യുന്നു.അതിപ്പോൾ തെറ്റാണെങ്കിൽ കൂടി അരുതെന്ന് പറഞ്ഞാൽ അരുത് എന്ന് തന്നെയാണ് അതുകൊണ്ട് ഒരിക്കലും അരുത് എന്ന് പറഞ്ഞാൽ അത് ചെയ്യരുത് ഈ 15 കാരിയുടെയും ഈ ചെറിയൊരു സംശയം പലർക്കും ഒരു സന്ദേശം ആയിരിക്കാം എന്നാലും ഇപ്പോഴും ആ കുട്ടിയുടെ സംശയം മാറിയിട്ടില്ല കാരണം അവൾക്ക് അവളുടെ വീട്ടുകാർ

ഇതുവരെ ഒരു മറുപടി നൽകിയിട്ടില്ല അതുകൊണ്ടുതന്നെ അവൾ ഇന്നും അരുതാത്ത പ്രവർത്തികൾക്കായിരിക്കും ചെയ്തുകൊണ്ടിരിക്കുന്നത്.

( Anagha Ramesh )

*****************

# മാതൃത്ത്വത്തിന്റെ മാധുര്യം




അമ്മയെന്ന വാക്കിൽ നിറയുന്ന
സ്നേഹം
മനസ്സിലെ ജീവന് സ്നേഹം
പകർന്നു
എന്നും ജീവന് കൂട്ടാളി അമ്മ
മതിവരാത്ത സ്നേഹമാണമ്മ
ജീവിതസായാഹ്നമാകുന്തോറും
നഷ്ടപ്പെടുത്താനാകാത്ത
അമൂല്യ സ്നേഹമാണമ്മ..

മാറിലെ ചൂട്ട പകർന്നു തൻ-
കുഞ്ഞിനെ മാറൊട്ടു ചേർത്തവളമ്മ...
കടലോളം സ്നേഹം പകർന്ന തൻ
കുഞ്ഞിനെ മാലാഖയാക്കിയവളമ്മ..

മാനത്ത് തിളങ്ങുന്ന ചന്ദ്രനെപോലെ
ഭൂമിയിലെ മാലാഖയാണമ്മ
അമ്മതൻ സ്നേഹം നകർന്നവർ എന്നും
മാതൃത്ത്വത്തിൻ സ്നേഹം അറിഞ്ഞിടുന്നു...

( Tebison Antony )

# അരുവി



കളകളമൊഴുകി കൊച്ചരുവി

അതുവഴി ഇതുവഴി പായും കൊച്ചരുവി

ആർത്തുപാട്ടും കൊച്ചരുവി

ലോകമെങ്ങും കറങ്ങിനടക്കും കൊച്ചരുവി

ചിലനേരം അതി ഭീകരനാം

നമ്മുടെയെല്ലാം കൊച്ചരുവി

ജീവൻ നൽകും കൊച്ചരുവി

ദാഹം മാറ്റും കൊച്ചരുവി..........

( Jeyon J Varghese )

# റെഡ്ഫോർട്ടിലെ ഒരു കൊച്ചുബാലൻ

റെഡ്ഫോർട്ട് എന്നൊരു പട്ടണത്തിലായിരുന്നു ക്ലാരട്ട് എന്ന് പേരുള്ള ഒരു കൊച്ചുബാലൻ ജീവിച്ചിരുന്നത്.

ആ പട്ടണത്തിൽ തന്നെയായിരുന്നു അഹങ്കാരിയും പണക്കാരനുമായ ഹെർട്ട് എന്നയാൾ ജീവിച്ചത്. അയാൾ വളരെ സന്തോഷവാനായിരുന്നു , പക്ഷെ അയാളെ സങ്കടത്തിലാഴ്ത്തിയ ഒരേയൊരു കാര്യമാണ് മറ്റുള്ളവർ സന്തോഷിക്കുന്നത് കാണുക എന്നത്. അയാൾക്ക് മറ്റുള്ളവരുടെ സങ്കടം കാണാൻ വളരെ ഇഷ്ടമാണ്. അയാൾ ആരുടെയും വാക്കുകൾ വിശ്വസിച്ചിരുന്നില്ല. അയാളുടെ വിചാരം പണമുണ്ടെങ്കിൽ എല്ലാം ലഭിക്കും എന്നാണ്.പണത്തിനുവേണ്ടിയും, മറ്റുള്ളവരുടെ സങ്കടത്തിനുവേണ്ടിയും അയാൾക്ക് കൊല്ലാൻ പോലും മടിയില്ല. അയാൾക്ക് അയാളുടെ കുടുംബമാണ് വലുത്.മകളും അയാളുടെ അമ്മയും അടങ്ങുന്നതാണ് കുടുംബം.

ഒരു ദിവസം ഹെർട്ട് പട്ടണത്തിൽ നടക്കുമ്പോൾ ഒരു അച്ഛനേയും മകനയും അമ്മയും കണ്ടു.ആ അമ്മ വളരെ സന്തോഷത്തിലായിരുന്നു.മകന്റെ വിജയമാണ് ഇതിന് കാരണം.അത് കണ്ട് അയാൾക്ക് വളരെ സങ്കടം വന്നു. അയാൾ ഒരാളെ വിളിച്ച് അവളെ കൊല്ലാൻ ഉത്തരവിട്ടു.അയാൾ ആ കാര്യം ഒരു മടിയും കൂടാതെ ചെയ്യുകയും ചെയ്തു. അത് ആ കൊച്ചു ബാലൻ ക്ലാർട്ടിന്റെ അമ്മയായിരുന്നു. അവനും അച്ഛനും അത് താങ്ങാവുന്നതിലും ഏറെയായിരുന്നു. അവന്റെ അമ്മയുടെ മരണം അവനെയും അച്ഛനെയും തീരാദുഃഖത്തിലാഴ്ത്തി . പക്ഷെ അത് കണ്ട് ഒരാൾ സന്തോഷിച്ചു.ആ ഒരാൾ ഹെർട്ട് ആയിയിരുന്നു.അയാൾ ആ സങ്കടം കണ്ട് വളരെയധികം

സന്തോഷിച്ചു. പക്ഷെ ആ സന്തോഷം അതികനാൾ നീണ്ടുനിന്നില്ല. കാരണം ക്ലാർട്ടിന്റെ അച്ഛൻ അയാളുടെ മകളെ കൊല്ലാൻ തുനിഞ്ഞെത്തി ക്ലാരർട്ട് എതിർത്തെങ്കിലും അയാൾ ആ തീരുമാനത്തിൽ ഉറച്ച് നിന്നു.അവസാനം ആ ദിവസമെത്തി. ഹെർട്ടിന്റെ ജീവന്റെ ജീവനായ ആ പൊന്നുമകളെ അയാൾ കൊല്ലാൻ പോകുന്നു.പോകുന്ന വഴിയിൽ അയാളുടെ പുറകെ ക്ലാർട്ടും ചെന്നു.ഇത് കണ്ട് എന്തുചെയ്യണമെന്നറിയാതെ ഹെർട്ട് നിന്നു.തന്റെ മകളെ കൊല്ലാൻ വരുന്ന രാക്ഷസൻ. ക്ലാരട്ടിന്റെ അച്ഛൻ അവളുടെ ശരീരത്തിൽ കത്തി ഉറപ്പിച്ചു. എതിർക്കാനായി വന്ന ഹെർട്ടിനെ തട്ടിമാറ്റി അയാൾ നിശ്ചലനായി നിന്നു. ആ സമയം അടുത്തു. ക്ലാരട്ടിന്റെ അച്ഛൻ അവളുടെ കത്തിയെടുത്തു "അരുത്" ക്ലാരട്ട് ഉച്ചത്തിലലറി, ഓടിവന്നു അച്ഛന്റെകാലിൽ പിടിച്ചു ആ സങ്കടം കണ്ടപ്പോൾ അയാൾക്ക് അത് ചെയ്യാൻ തോന്നിയില്ല."ഇവളെ കൊന്നാൽ നമ്മുക്ക് അമ്മയെ തിരിച്ചുകിട്ടുമോ"അവൻ കരഞ്ഞുകൊണ്ടുപറഞ്ഞു. ഹെർട്ടിന്റെ നെഞ്ചിലെ തീ എരിഞ്ഞുകൊണ്ടിരുന്നു. അത് കേട്ടപ്പോൾ അയാൾ ഒരു ചിന്തയിലാണ്ടു. എന്റെ ഒരു നിമിഷത്തെ സന്തോഷത്തിനുവേണ്ടി ഞാൻ എത്ര പേരെകൊന്നു.അതിനിടയിൽ എത്രയെയെത്രപേർ അലറികരഞ്ഞു. എത്രതവണ "അരുത്" എന്ന വാക്കുകേട്ടു.പക്ഷെ അതിന്റെ അർത്ഥവും, വിലയും എന്താണെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല . ആ പാഠം ഞാൻ പഠിച്ചു. എന്റെ ജീവിതപാഠം....!

( Sahala Nasrin)

# ചതി

ഒരു പേരു കേട്ടറിയപ്പെടുന്ന ഒരു സ്കൂൾ ഉണ്ടായിരുന്നു. അവിടെ നല്ല അച്ചടക്കവും അനുസരണവും ഉള്ള ഒരു ക്ലാസ്സ് ഉണ്ടായിരുന്നു. 9 ബി ആയിരുന്നു ആ ക്ലാസ്സ്. ടീച്ചേഴ്സ് റൂമിലോക്കെ ഈ ക്ലാസ്സിനെ പറ്റിയായിരുന്നു ചർച്ച . ആ ക്ലാസ്സിലെ 40 പേരിൽ ഒരാളായിരുന്നു എബി. അവൻ പത്താം ക്ലാസ്സിൽ എത്തി. അങ്ങനെ ഓണപ്പരീക്ഷ വന്നു.എല്ലാ കുട്ടികളും പരീക്ഷക്ക് പഠിക്കാൻ

തുടങ്ങി.പക്ഷേ എല്ലാവരും അവനോട് പറഞ്ഞു ആരും പഠിക്കുന്നില്ല എന്ന്. പക്ഷേ അവനറിയില്ലായിരുന്നു അവന്റെ കൂട്ടുകാർ അവനെ പറ്റിക്കുകയായിരുന്നു എന്ന് .

അവൻ എല്ലാദിവസവും വീട്ടിൽ എത്തുമ്പോൾ അവന്റെ അമ്മ അവനോട് ചോദിക്കുമായിരുന്നു "മോനെ പഠിക്കുന്നില്ലേ എക്സാം വരുവല്ലെ”. അവൻ അമ്മയോട് പറഞ്ഞു: "അമ്മേ, കൂട്ടുകാരൊന്നും പഠിക്കാൻ തുടങ്ങിയില്ല". അങ്ങനെ എക്സാമിന് വെറും 5 ദിവസം മാത്രം ഉള്ളപ്പോൾ അമ്മ അവനോടു ചോദിച്ചു. "എടാ പഠിക്കുന്നില്ലേ ? എക്സാം അല്ലേ?". അവൻ വീണ്ടും പറഞ്ഞു "അമ്മേ കൂട്ടുകാരൊന്നും പഠിക്കാൻ തുടങ്ങിയില്ല"

അപ്പോൾ അമ്മ പറഞ്ഞു "അരുത് മകനെ കൂട്ടുകാർ പഠിക്കുന്നതും കാത്തു നിന്നിട്ട് കാര്യമില്ല .പരിക്ഷക്ക് നീ ഒറ്റക്കാണ് എഴുതേണ്ടത് ". അമ്മ പറഞ്ഞത് അവൻ ഒരു

ചെവിയിലൂടെ കേട്ട് മറ്റേ ചെവിയിലൂടെ പുറത്ത് കളഞ്ഞു. അങ്ങനെ പരീക്ഷയുടെ തലേന്ന് അവൻ സ്കൂളിൽ നിന്ന് വന്ന ഉടനെ പഠിക്കാൻ ഇരുന്നു. അവൻ 11:00 മണി

വരെ ഇരുന്ന പഠിച്ച അവൻ ആലോചിച്ച "ആകെ ഞാൻ മാത്രമേ കുറച്ച് പഠിച്ചതൊള്ളൂ". അവൻ ബുക്ക് അടച്ച വെച്ചിട്ട് ഉറങ്ങാൻ പോയി. അങ്ങനെ അടുത്ത ദിവസം അവൻ പരീക്ഷ ഹാളിലേക്ക് കയറി.

ചോദ്യ പേപ്പർ കണ്ടിട്ട് അവൻ അമ്പരന്ന പോയി. പഠിച്ച ചോദ്യങ്ങൾ ഒന്നും അല്ലായിരുന്ന വന്നത്. പഠിച്ചതൊന്നും ഓർമയുമില്ല..! പക്ഷേ എഴുതാതിരിക്കാൻ പറ്റാത്തത് കൊണ്ട് അവൻ കഷ്ടപ്പെട്ട് പരീക്ഷ എഴുതി.

അങ്ങനെ പരീക്ഷകൾ കഴിഞ്ഞു ഓണം അവധി ഒക്കെ ആഘോഷിച്ചു. അങ്ങനെ ഉത്തര
പേപ്പർ കിട്ടേണ്ട ദിവസം വന്നു അവൻ നിരാശനായിരുന്ന കാരണം അവനറിയാമായിരുന്ന
അവന് മാർക്ക് കുറവായിരിക്കും എന്ന്. പക്ഷേ അവൻ വിചാരിച്ച അവന്റെ കൂട്ടുകാർക്കും മാർക്ക് കുറവായിരിക്കും എന്ന്. പക്ഷേ പേപ്പർ കിട്ടിയപ്പോൾ എല്ലാവർക്കും 70% കൂടുതൽ ഉണ്ടായിരുന്ന പക്ഷേ അവനു
37% മാത്രം ഉണ്ടായിരുന്നുള്ളൂ. അവൻ അപ്പോൾ മനസ്സിലാക്കി അവന്റെ കൂട്ടുകാർ അവനെ പറ്റിക്കുകയായിരുന്ന എന്ന്. അവൻ
തകർന്ന പോയി. പക്ഷേ അവന്റെ കൂട്ടുകാർ അവനോടു മാപ്പ് ചോദിക്കുനതിനു
പകരം അവർ അവനെ കളിയാക്കി പക്ഷേ ക്രിസ്മസ് പരീക്ഷക്ക് അവർ അവനോടു
സത്യ പറഞ്ഞു കാരണം അവർക്ക് പശ്ചാതാപം തോന്നി അവൻ അവരെ വീണ്ടും വിശ്വസിക്കാൻ തുടങ്ങി




എന്നിട്ട് പിന്നെയും കാലങ്ങൾ കിടന്ന പോയി ആനുവൽ പരീക്ഷ എത്തി അവന്റെ
കൂട്ടുകാർ അവനെ വീണ്ടും പറ്റിക്കാൻ തീരുമാനിച്ച കാരണം അവൻ ക്ലാസ്സിൽ

കഴിഞ്ഞ പരീക്ഷക്ക് കൂടുതൽ മാർക്ക് മെടിച്ചതിന് ശേഷം അവനെ ഒരു പാഠം
പഠിപ്പിക്കാൻ അവർ തീരുമാനിച്ചു അവൻ വീട്ടിൽ എത്തി അവനെ ഇപ്രാവശ്യം
കൂട്ടുകാർ അവനെ പറ്റികില്ല എന്ന വിശ്വാസം അവനിൽ ഉണർന്നു.

അവൻ വീണ്ടും തന്റെ കൂട്ടുകാരെ വിശ്വസിച്ചു. ഒരു ദിവസം അമ്മ അവനോട് ചോദിച്ചു :മോനെ നീ പരീക്ഷക്ക് പഠിക്കുന്നില്ലേ വലിയ പരീക്ഷ വരുകയല്ലെ അപ്പോൾ
അവൻ പറഞ്ഞു : അമ്മേ കൂട്ടുകാർ ഒന്നും പഠിക്കാൻ തുടങ്ങിയില്ല ഞാനും അവരോടൊപ്പം പഠിച്ചോളാം. അങ്ങനെ അരുത് മകനെ അവർ നിന്നെ ഒന്ന് പറ്റിച്ചതല്ലെ നീ അവരെ വീണ്ടും വിശ്വസിക്കാൻ പോവുകയാണോ അരുത് നിന്നെ അവർ വീണ്ടും പറ്റിക്കും. അവൻ
അതൊന്നും വകവെച്ചില്ല. അവൻ പരീക്ഷക്ക് പഠിച്ചില്ല. അവൻ ഒരു പ്രാവിശ്യം വെറുതെ പുസ്തകം വായിച്ചതെ ഉള്ളു അങ്ങനെ അവൻ പരീക്ഷ എഴുതി. അവൻ ആ പരീക്ഷക്ക് തോറ്റു . ആദ്യമായിട്ടാണ് അവൻ ഒരു പരിക്ഷക്ക്
തോൽക്കുന്നത് അത് അവന്റെ മനസ്സ് തകർത്ത് കളഞ്ഞു. അവൻ വളരെയേറെ നിരാശനായി. അവൻ വീട്ടിൽ പോയി ഇരുന്നു കരഞ്ഞു. അമ്മ അവനെ വഴക്ക്
പറയുമെന്ന് അവനു തോന്നി. അവനു മുമ്പിൽ വേറെ വഴിയൊന്നും
കണ്ടില്ല അവൻ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ പശുവിനെ കെട്ടുന്ന കയർ അഴിച്ചിട്ട് അവൻ വീട്ടിലെ ഫാനിൽ കെട്ടി. അങ്ങനെ
അവൻ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചു. അപ്പോൾ അമ്മയും ടീച്ചറും വീട്ടിൽ വന്നു. അവന്റ മുറിയിലേക്ക് അവർ കയറി പോയി. വെപ്രാളത്തിൽ

അവൻ വാതിൽ  അടക്കാൻ മാറന്നു പോയിരുന്നു. അമ്മ മുറിയിലേക്ക് കയറി വന്നു. മുറിയിൽ തൂങ്ങി കിടക്കുന്ന കൊലക്കയറിന്റെ മുമ്പിൽ നിൽക്കുന്ന തന്റെ




മകനെ കണ്ട അമ്മയുടെ മനസ്സ് തകർന്ന് പോയി. അമ്മ ഉറക്കെ വിളിച്ചു കരഞ്ഞു: അരുത്.....അരുത് മകനേ!!, അമ്മ അവനെ ഓടിപ്പോയി കെട്ടിപിടിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞു:  നീയെന്തിനാണ് മകനെ തന്റെ ജീവിതം അവസാനിപ്പിക്കാൻ ശ്രമിച്ചത്. നിനക്ക് ഒരു പ്രാവശ്യമെങ്കിലും എന്നെ പറ്റി ഒന്ന് ആലോചിച്ചു കൂടായിരുന്നോ നിനക്ക് എന്തെങ്കിലും പറ്റിയാൽ പിന്നെ ഞാൻ എന്തിനാണ് ജീവിച്ചിരിക്കുന്നത്  അവൻ പൊട്ടി കരഞ്ഞു കൊണ്ട് മാപ്പ് പറഞ്ഞു അവൻ അമ്മയോട് പറഞ്ഞു അമ്മെ ഞാൻ ഇനി നന്നായി പഠിക്കും.



അങ്ങനെ അവൻ പൂർണ്ണ മനസ്സോടെ പഠിച്ചു . അങ്ങനെ കുറേ കാലങ്ങൾ കടന്നു പോയി. ഇപ്പോൾ അവൻ കോടികൾ വിലമതിക്കുന്ന ഒരു കമ്പനിയുടെ മുതലാളി ആണ്. അവൻ മാസം എട്ട്  ലക്ഷം രൂപയിൽ കൂടുതൽ  സമ്പാദിക്കുന്നു. അങ്ങനെ അവൻ ജീവിതത്തിൽ വലിയ നിലയിൽ എത്തിയ ആളായി തീർന്നു......

( Vinaya Wilson )

**************

# ലഹരി ഒരു അടിമത്തം

ഹായ് കുട്ടികളെ എല്ലാർക്കും സുഖമല്ലേ ? നാം ഇന്ന് വളരെ ക്ലേശകരവും ദുസ്സഹവുമായ കാലഘട്ടത്തിലൂടെയാണ്
കടന്നുപോയിക്കൊണ്ടിരുകുന്നത്. ലഹരി എന്നാൽ മദ്യവും , മയക്കുമരുന്നും മറ്റും മാത്രമല്ല. മൊബൈൽഫോണിന്റെയും, മാധ്യമങ്ങളുടെയും ദുരുപയോഗവും, മദ്യവും,പുകവലിയുമാണ്,ഇന്നത്തെ കാലഘട്ടത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ കുട്ടികൾ ലഹരിക്ക് അടിമകളായി രക്തബന്ധത്തെപ്പോലും തിരിച്ചറിയാതെ ജീവിതം തുലയ്ക്കുന്നു. ലഹരി ഒരു ഉരാക്കുരുക്കാണ്. അതിൽ അകപ്പെട്ടുപ്പോയാൽ ഒരിക്കലും തിരിച്ചുവരാൻ സാധിക്കില്ല. അങ്ങെനെയൊരു കാലഘട്ടത്തിലൂടെയാണ് ഇന്ന് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ ലഹരിയിൽ കുടുങ്ങി ജീവിതം കളഞ്ഞ്,പിന്നീട് ജീവിതത്തിലേക്ക് തിരിച്ചുവന്ന ഒരു കുട്ടിയുടെ കഥയാണ് ഞാൻ ഇന്ന് പറയുന്നത്. രാമു വളരെ നല്ല കുട്ടിയായിരുന്നു പഠിതത്തിലും കായികപ്രവർത്തനത്തിലും മറ്റും ബഹുമിടുക്കനായിരുന്നു. അവൻ തികഞ്ഞ ദൈവഭക്തനായിരുന്നു. എല്ലാ ദിവസവും അമ്പലത്തിൽ പ്രാർത്ഥിക്കാനായി പോകുമായിരുന്നു. എല്ലാവർക്കും വളരെ പ്രിയപ്പെട്ടവനായിരുന്നു അവൻ. നല്ല വ്യക്തിത്വമായിരുന്നു അവന്റെത്. ഒരു ദിവസം രാമു സ്കൂൾ വിട്ട് വീട്ടിലേക്ക് വരുകയായിരുന്നു. അപ്പോൾ ഒരു കൂട്ടം ആളുകൾ അവന്റെ നേരെ വന്നു. അവൻ ധൈര്യം സംഭരിച്ച് നടന്നു. ആ കൂട്ടത്തിൽ നിന്ന് പ്രായമുള്ള ഒരാൾ വരുകയും അവന് ഒരു പൊതികൊടുക്കുകയും അത് അവനോട് കഴിക്കാൻ പറയുകയും ചെയുതു. അവരുടെ നിർബന്ധത്താലും അവരോടുള്ള ഭയത്താലും രാമു ആ പൊതി വാങ്ങിച്ചു കഴിച്ചു. അതിൽ പിന്നെ അവൻ അതിന് അടിമയായി മാറി. അവൻ ദൈവഭക്തിയിൽ നിന്നും,പഠിത്തതിൽനിന്നും,മറ്റ്
പ്രവർത്തനങ്ങളിൽ
നിന്നും പതിയെ പിൻമാറി തുടങ്ങി.അവന്റെ ഈ പ്രവർത്തികൾ കണ്ടപ്പോൾ എല്ലാവർക്കും ഒരു പോലെ സംശയവും വിഷമവും വന്നു. അവൻ എല്ലാവരെയും

വെറുത്ത് തുടങ്ങി.ലഹരി മാത്രമായി അവന്റെ ജീവിതം. അങ്ങനെ അവനെതിരെ പോലീസ്  കേസുകളും വന്നു തുടങ്ങി.ലഹരിയാണ് അവനെ നയിച്ചുകൊണ്ടിരിക്കുന്നത്,എന്ന് അവൻ മനസിലാക്കി.

പതിയെ പതിയെ അവൻ അതിൽ നിന്ന് പിൻമാറി തുടങ്ങി.പ്രലോഭനങ്ങൾ ഉണ്ടായെങ്കിലും അവൻ ദൈവഭക്തിയിലൂടെയും,മറ്റുള്ളവരുടെ ഉപദേശങ്ങൾ ശ്രവിക്കുകയും ചെയ്തുകോണ്ട് ലഹരിയിൽ നിന്ന് പൂർണ്ണ വിമുക്തനായി.നാട്ടുകാർക്കും വീട്ടുക്കാർക്കും ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയായി മാറി. കണ്ടില്ലെ കൂട്ടുകാരെ രാമുവിന്റെ ജീവിതത്തിൽ ലഹരി കൊണ്ടുവന്ന മാറ്റങ്ങൾ.

സൽസ്വഭാവിയും എല്ലാവരയുടെയും പ്രിയപ്പെട്ടവനുമാ- യിരുന്ന രാമു ലഹരിയുടെ അടിമയായി ജീവിതം നശിപ്പിച്ചു. എങ്കിലും അവൻ അതിൽ നിന്ന് വിമുക്തനായി. ലഹരിയും,മദ്യവും,മയക്കുമരുന്നും,

മാധ്യമങ്ങളുടെ ദുരുപയോഗവും മറ്റും നമ്മെ വഴിതെറ്റിക്കും.അതിൽ ഒന്നും  വീഴാതെ നാം മുന്നേറണം. **നന്മയിലൂടെ മുന്നേറാം.............**

**[ ഡെൽവിൻ ജോൺ ] 10 B**

# അമ്മതൻ സ്ഥാനം



മലയാളഭാഷതൻ അമ്മയാണ്
ജന്മം നൽകിയ അമ്മയാണ്
ഹൃദയത്തിലാണ് എൻ
അമ്മതൻ സ്ഥാനം
ഹൃദയംനിറഞ്ഞൊഴുകും
എന്നമ്മതൻ മാധുര്യമൂറിടും
വാക്കുകേൾക്കുമ്പോൾ
കോവിൽത്താൻ പടികയറുമ്പോൾ

കരം മുറുക്കെ  പിടിച്ചിട്ടും എന്നമ്മയും
ഭാരതമാതാവും ഇന്നുമെന്നും
എന്നെ കയ്പ്പാർന്നവയിലൂടെ
നടക്കാതെയെന്നെ സൂക്ഷിക്കുന്ന
പെറ്റമ്മയെൽ ഭാരതമാതാവിനെപ്പോലെ
തുമ്പപ്പൂവിനെപ്പോലെ ..,
അഗ്നിയിലും വാടിപ്പോകാതെ ,
അധിജീവിക്കുന്നവളാണ് അവൾ
ഹൃദയത്തിലെന്നുമെൻ അമ്മതൻ
സ്ഥാനം വളരെമഹനീയം
ആരാരോടും പരിഭ്രമമില്ല
എൻ 'അമ്മ ആ വാക്കുകൾ
വളരെ മഹനീയം
ആ വാക്ക് വളരെ മഹനീയം
മഹനീയം ....മഹനീയം ....

( Anamika P )

***************

# ലഹരി

**ക**ർണാടകയിലെ ശിമോഗ എന്ന സ്ഥലത്താണ് സവിനയുടെ ജനനം . ലഹരി ഉപയോഗം മൂലം ജീവിതമാകെ തളർന്നിരിക്കുന്ന കുട്ടി , മരണത്തിൻറെ വക്കിലെത്തിയ അവളെ നോക്കാൻ കഷ്ട്ടപ്പെടുന്ന കുടുംബം . അച്ഛനും അമ്മയും ചേട്ടനും ആയിരുന്നു വീട്ടിലുണ്ടായിരുന്നത് . മദ്യപാനം മൂലം കരൾ നശിച്ച മരിച്ചുപോയ അച്ഛൻ , ബസ് അപകടത്തിലൂടെ മരിച്ചുപോയ ചേട്ടൻ , വീടും വീട്ടുകാര്യങ്ങളും മകളെയും നോക്കിനടക്കാൻ പറ്റാതെ അച്ഛന്റെയും ചേട്ടന്റെയും മരണത്തോടെ സന്തോഷം മറഞ്ഞ അമ്മ സഹിക്കാൻ പറ്റാതെ ആത്മഹത്യയും ചെയ്തു .കുട്ടിയെ നോക്കാൻ അപ്പോൾ വീട്ടിൽ ആരും ഇല്ല. അമ്മയുടെ കുടുംബമാണ് കുട്ടിയെ ഇപ്പോൾ നോക്കുന്നത് . സ്കൂളിൽ പോവുമ്പോഴെല്ലാം ഒരു കൂട്ടുകാരൻ മിഠായി കൊടുക്കും . അവൾ അത് ഇഷ്ടത്തോടെ കഴിക്കും . ഇത് അങ്ങനെ നീണ്ടുപോയി. ജൂലൈ മാസത്തിലെ ആദ്യ തിങ്കളാഴ്ചയായിരുന്നു അവളുടെ പിറന്നാൾ . പിറന്നാളിന്റെ ദിവസം കൂട്ടുകാരെല്ലാവരും കൂടി കേക്ക് മുറിക്കാൻ തീരുമാനിച്ച ആഘോഷങ്ങളെല്ലാം

കഴിഞ്ഞ് വീട്ടിലെത്തിയ സവിനയ്ക്ക് പെട്ടെന്ന് വയ്യാതെയായി .അവൾ തല കറങ്ങി വീണു . വീട്ടുകാരെക്കെ കൂടി ആശുപത്രിയിലെത്തിച്ച അപ്പോൾ ഡോക്ടറിനു എന്താണ് കാര്യം

എന്ന് പിടികിട്ടി . ഇവൾ ലഹരി ഉപയോഗിക്കുന്ന കാര്യം വീട്ടുകാർക്കറിയില്ലായിരുന്നു . അമ്മയുടെ മൂത്ത ചേട്ടനോടാണ് ഡോക്ടർ കാര്യം പറഞ്ഞത് . ചേട്ടൻ കേട്ടപ്പോൾ തന്നെ

വല്ലാതെയായി . കുട്ടിയെ കൂട്ടി വീട്ടിലെത്തിയശേഷം ചേട്ടൻ അവളെ റൂമിലിരുത്തി ഒരുകാര്യം പറഞ്ഞു : ' അരുത് മോളെ , അരുത് '. ആ കുട്ടിക്ക് ഇത്രയും നാൾ അറിയില്ലായിരുന്നു ,


അവൾ തിന്നുന്നത് ലഹരിയാണെന്ന് . അതിന്റെ പിറ്റേ ദിവസം ഉറക്കത്തിൽ നിന്ന് അവൾ ഉണർന്നില്ല . അതായിരുന്നു അവളുടെ അവസാന ദിവസം . അന്ന് അവൾ ഈ ലോകത്തോട്

വിട പറഞ്ഞിരുന്നു .

അവളുടെ അമ്മയുടെ മൂത്ത സഹോദരൻ ഒരു അദ്ധ്യാപകനായിരുന്നു . ലഹരി ദിനത്തിൽ അദ്ധ്യാപകൻ ഈ സംഭവം കുട്ടികളുമായി പങ്കുവെച്ചു . അവരോട് ഒരു കാര്യവും

പറഞ്ഞു : ' അരുത് മക്കളെ ....... അരുത് '.

ഇതാണ് ലഹരിക്കടിമപ്പെട്ട് മരണം വരെ എത്തിയ ഒരു പെൺകുട്ടിയുടെ കഥ .




( Amegh V )

*************



# MAPLE HEAVEN

**In** the quaint village of Maple Haven, the intertwined tales of family and friendship unfolded like the pages of a cherished novel. The heart of the story centered around the Johnson and Garcia families, neighbours who shared not just fences but the joys and tribulations of life.

As the Johnsons faced the challenges of raising three lively children, they found unwavering support in the Garcia family next door. Maria Garcia, a wise matriarch, became a second mother to the Johnson kids, offering guidance and a comforting presence in times of need.

The families celebrated birthdays, holidays, and simple joys together. Summer evenings were filled with laughter as they gathered for barbecues in the backyard, creating memories that became the foundation of a deep and enduring friendship.

When unexpected hardships knocked on their doors, it was the strength of their bond that carried them through. The Garcias opened their hearts and home to the Johnsons, showcasing the true essence of family extending beyond blood ties.

In Maple Haven, the Johnsons and Garcias painted a portrait of interconnected lives, where family and friendship were seamlessly woven together. Their story underscored the beautiful truth that, in the tapestry of life, the threads of family and friendship often intertwine, creating a fabric that withstands the test of time

( Anna Mol Jayesh )

*****************

# ജീ
# വി
# ത



# നൗക

**ജീ**വിതത്തിൽ എല്ലവരും ഒരോ പ്രശ്നങ്ങൾ സംഭവിക്കുമ്പോൾ നമ്മുടെ മാതാപിതാക്കൾ നമ്മളോട് പറയുന്നത് എറ്റവും കൂടുതൽ ആയി പറയുന്ന കാര്യം മാണ് "അരുത്" ആണ്

മലയാളികൾ ആയ നമ്മൾ നമ്മുടെ ജീവിതത്തിൽ മാതാപിതാക്കൾ ചെയ്യരുത് എന്ന് പറയുന്ന കാര്യങ്ങളാണ് ചെയ്യുന്നത്. ആദ്യമായി സ്കൂളിൽ വന്ന ദിവസം. എല്ലവരുമായി പരിച്ചയപെടുന്ന നേരം ക്ലാസ്സിൽ ടീച്ചർ വന്ന് ഒരോ കുട്ടിയുടെയും പേര് ചോദിച്ചു. എന്നെയും വിളിച്ച് പേര് ചോദിച്ചു. അപ്പോൾ ഒരാളെ മാത്രമായി ഞാൻ കണ്ടത്. അനന്തു എന്ന പേര്. എല്ലാം അവനിൽ ഞാൻ കണ്ടു. നന്നായി പഠിക്കുന്ന എല്ലവരില്ലും സ്റ്റാർ ആയി നിൽക്കുന്ന അനന്തുവിനെ എനിക്ക് അപ്പോൾത്തന്നെ ഇഷ്ടമായി. ഞാൻ വീട്ടിൽ എത്തി. എന്റെ അമ്മയോട് എല്ലാം ഞാൻ പറഞ്ഞു അപ്പോൾത്തന്നെ എന്റെ അമ്മ ഒരു കാര്യം മാത്രം എന്നെ അന്ന് ഓർമ്മിപ്പിച്ചത്.

കൂട്ടുകാർ എല്ലാം നല്ലത് ആണ് പക്ഷേ ഒരു പരിതി വരെ മാത്രം എന്ന് അന്ന് അമ്മ പറഞ്ഞു " ഞാൻ എല്ലാം സമ്മതിച്ചു കൊടുത്തു. പിറ്റേദിവസം ദിവസം

സ്കൂളിൽ പോയപ്പോൾ അവന് എന്റെ അടുത്ത് വന്ന് പേര് ചോദിച്ചു . അവന് എന്റെ പേര് ഞാൻ പറഞ്ഞു കൊടുത്തു " അക്ഷര" . നല്ല പേരാണ് ഇത്ര സുന്ദരിയായ നിന്നെ കൂട്ടുകാരിയായി ഞാൻ കാണും എന്ന് പറഞ്ഞു......

അപ്പോൾ അക്ഷരയ്ക്ക് വളരെ വിഷമം ആയി അപ്പോൾത്തന്നെ എനിക്ക് നിന്നെ ഇഷ്ടമാണ് എന്ന് പറഞ്ഞു. നിന്നെ കണ്ടപ്പോൾ തന്നെ എനിക്ക് ഇഷ്ടമായത് ആണ് അതിനാൽ എനിക്ക് നീ ഇല്ലാതെ ജീവിക്കാൻ പറ്റില്ല. അപ്പോൾ അവൻ ഒരു കാര്യം പറഞ്ഞു ഇത് ജീവിതകാലം മുഴുവനും ഉണ്ടായിരിക്കണം നിന്റെ അച്ഛനും അമ്മയും എന്ത് പറഞ്ഞാലും നീ വേറെ ആരെയും സ്നേഹിക്കാൻ പാടില്ല. അന്നു മുതൽ അവന്റെ പ്രണയം തുടങ്ങി. ആരും അറിയാതെ അവരുടെ പ്രണയ ജീവിതത്തിൽ . അങ്ങനെ ദിവസം കുറേ കഴിഞ്ഞു പോയി. ഒരു ദിവസം ഇവർ വർത്തമാനം പറയുന്നത് കണ്ട് ഒരു സാർ വന്നു. അനന്തുവിന്റെ കൈയിൽ ഇരിക്കുന്ന ലഹരി കണ്ട് സാർ അവന്റെയും അവളുടെയും അടുത്ത് ചെന്ന് എന്താ കൈയിൽ എന്ന് ചോദിച്ചു . മയക്കുമരുന്ന് കണ്ട് സാർ ഞെട്ടി പോയി. നല്ല പഠിക്കുന്ന , നല്ല മാർക്ക് ഉള്ള നിങ്ങൾ രണ്ടുപേരും എന്തിനാണ് മയക്കുമരുന്ന് ഉപയോഗിക്കുന്നത്. രണ്ടു പേരുടെയും വീട്ടിലെക്ക് വിളിച്ചു പറഞ്ഞു സ്കൂളിൽ വന്ന് അക്ഷരയോട് അവളുടെ അമ്മ ചോദിച്ചു. നിന്നോട് ഞാൻ പറഞ്ഞത് അല്ലേ അനന്തുവിനോട് "മിണ്ടരുത്" എന്ന് . നീ അത് തെറ്റിച്ചോ. നിന്നോട് ചെയ്യരുത് എന്ന് പറഞ്ഞ കാര്യം നീ ചെയ്തു. നിനക്ക് ഇനിയും മാറാൻ സമയം ഉണ്ട് . നീ ഇത് എല്ലാം ഉപേക്ഷിച്ച് അമ്മയുടെ കൂടെ വാ. ഇല്ല ഞാൻ അവനെ ചതിക്കില്ല. ഞാനും അവനും ജീവിതകാലം മുഴുവനും ജീവിക്കും. അമ്മ എത്ര എന്നെ വഴക്ക് പറഞ്ഞാലും ഞാൻ അനുസരിക്കില്ല പ്രയമുള്ളവരെ ജീവിതത്തിൽ നമ്മൾ നമ്മളെകാൾ വലിയ അളുകൾ പറയുന്നത് അനുസരിക്കണം ഇല്ലെങ്കിൽ അനന്തുവിനെയും , അക്ഷരയെയും പോലെ നമ്മുടെ ജീവിതവും കുട്ടി ചോറ് ആകും എന്ന് മനസ്സിലാക്കാം. അതിനാൽ നമ്മുടെ മാതാപിതാക്കൾ പറയുന്ന കാര്യം നമ്മൾ അനുസരിച്ച് അവർ " അരുത് " എന്ന് പറഞ്ഞ് തരുന്ന കാര്യം ചെയ്യാതെ നല്ലവരായി, ജീവിക്കാൻ പഠിക്കാം അതിനാൽ മയക്കുമരുന്ന് , പ്രണയം എന്നിവ ഉപേക്ഷിക്കാം എന്ന് പ്രതിജ്ഞ ചെയ്യാം ..................

( Anju Mariya Joseph )

# എൻ ദൈവമാണമ്മ



എൻ മനസ്സിനുള്ളിൽ
നിറഞ്ഞു തുളുമ്പുന്ന
വാക്കുകളാം മാതൃത്ത്വം
മാതൃത്ത്വത്തിൻ മാധുര്യമറിയാതെത്രപേർ
ലോകമാകെയിന്ന്..
എൻ സൗഭാഗ്യമാണാ
മാതൃത്ത്വമാം അമ്മ...
എങ്കിലും...
മാതൃത്ത്വത്തിൻ മഹത്ത്വമറിയാതെത്രപേർ
കരുണയില്ലാതെത്രപേർ
ചവറുകുനകൾ പോലെ
വഴിയരികിൽ ഉപേക്ഷിക്കുന്നു...

BVJMHSS
PERUMPADAVE

മക്കളാണെൻ ജീവൻ,
മക്കളാണെൻ ജീവിതം,
മക്കളാണെന്റെയെല്ലാം,
എന്ന് രാവും പകലും
ഒരേ ഭാവത്തിൽ
ഒരേ ശബ്ദത്തിൽ ഉരുവിടുന്ന
മാതൃത്ത്വമാം അമ്മയെ...
ആ മനസ്സിനുള്ളിൽ വർഷങ്ങളായി
പൊടിപിച്ചുകിടക്കുന്ന
ആരും തിരിഞ്ഞുനോക്കാത്ത
പുസ്തകം പോലെ അമ്മതൻ
ആഗ്രഹങ്ങൾ വഴിമാറുന്നു...

അമ്മ തൻ അമ്മിഞ്ഞപ്പാലിൻ
മാധുര്യത്തേക്കാൾ മഹത്ത്വമേറിയത് മറ്റെന്തുണ്ട്?
അമ്മ തൻ പൂവിതൾ പോലെ മൃദുലമായ
ബിംബത്തിലെ മായാത്ത പുഞ്ചിരിയിൽ...
തണുത്തുറഞ്ഞ ജലം
അലിഞ്ഞു പോകുന്ന
പോൽ അലിയുന്നു.
എൻ ദുഃഖത്തിലും സന്തോഷത്തിലും
ഒരുപോലെ പങ്കുചേരുന്നവെൻ അമ്മ.
എൻ മനസ്സിനുള്ളിൽ നിറഞ്ഞു തുളുമ്പുന്ന
സുന്ദര സുരഭിലമാം വാക്കുകളാണ്
മാതൃത്വം

തൻ സന്താനങ്ങൾക്ക് വേണ്ടി
മരണത്തെ വരെ വെല്ലുവിളിക്കുമാ മാതൃത്വം
അമ്മതൻ പളുങ്കുപോൽ
തിളങ്ങുന്ന കണ്ണുകൾ നിറയുന്നത്...

എൻ മനസ്സിൽ മുള്ളുപോലെ കുത്തി നോവുന്നു.

എൻ ദൈവമാണമ്മ
എൻ ജീവനാണമ്മ
ആ പൂമുഖം മാട്ടുവാൻ
ഞാനനുവദിക്കുകയില്ല...
ആ പുഞ്ചിരിയതു പോൽ ജീവിത കാലം
മുഴുവൻ പ്രകാശപൂരിതമായി
നിൽക്കാൻ സാധിക്കട്ടെ
ആ കണ്ണുനീർ എൻ ഹൃദയത്തിൽ
പ്രളയം ഉണ്ടാക്കുന്നു.
എൻ സമാധാനത്തിൻ
വെള്ളരിപ്രാവാണെന്നമ്മ...
അവൾ സ്വതന്ത്രമായി പറക്കട്ടെ
പറന്നകലട്ടെ.........

( Angel Rose )

**************




**ഈ** കഥ നടക്കുന്നത് കേരളത്തിൽ പാലക്കാട് ജില്ലയിലെ ഒരു പോലീസ് സ്റ്റേഷനിലാണ്. പോലീസ് സ്റ്റേഷനിൽ പുതുതായി ജോലിക്കുവന്ന അൻവർ.. ഒരു ദിവസം രാത്രി പോലീസ് സ്റ്റേഷനിൽ ഒരു ഫോൺ കോൾ വന്നു. സമയം ഏകദേശം 11:30 ആയിരുന്നു കാണും. കോൾ കോൺസ്റ്റബിൾ രവി കോൾ എടുത്തു. ഒരു അസാധാരണമായ രീതിയിലായിരുന്നു ആ കോൾ. അപ്പുറത്ത് നിന്ന് സ്ത്രീ ആയിരുന്നു വിളിച്ചത്.  വളരെ ഭയപ്പെട്ട രീതിയിൽ സംസാരിക്കുന്നു. കോൺ-സ്റ്റബിൾ രവി എനിക്ക് ഫോൺ തന്നു. പക്ഷെ ഞാൻ സംസാരിക്കും മുന്നെ കോൾ കട്ട് ആയിരുന്നു. അവൾ ബോർഡറിനടുത്തെ ബൂത്തിൽനിന്നാണ് വിളിച്ചതെന്ന് കണ്ടെത്തി. ഞാനും കോൺസ്റ്റബിൾ രവിയും മാത്രമേ പോലീസ് സ്റ്റേഷനിലുണ്ടായിരുന്നുള്ളൂ. ഞങ്ങൾ പെട്ടന്ന് സ്ഥലത്തെത്തി. പക്ഷെ അവിടെ ആരും ഉണ്ടായിരുന്നില്ല. നമ്മൾ അവിടെ നോക്കിയപ്പോൾ വെളുത്ത നിറത്തിൽ ഒരുപാട് പാക്കറ്റുകളും കുറച്ച് പച്ചയിലകളും മാത്രമേ കണ്ടുള്ളൂ. കുറച്ച് മുന്നിലായി വെളിച്ചം ഓൺ ചെയ്ത ഫോൺ. കുറച്ച് നേരം അവിടെ തന്നെ നിന്നു. എന്തോ അസാധാരണമായി നടന്നിട്ടുണ്ട് എന്ന് മനസിലായി. അവിടം വലിയൊരു വനമേഖലയാണ്..നല്ല നിശബ്ദതയും..പെട്ടെന്നാണ് സ്ക്രീനിൽ ഇടവേള എന്ന

കണ്ടത്. ഞാൻ പുറത്ത് ഇറങ്ങി, തണുത്ത വെള്ളം വാങ്ങി.. വീണ്ടും ഞാൻ തിയറ്ററിന് അകത്ത് പ്രവേശിച്ചു. എന്നെ കഥ ആകർഷിച്ചു.കഥ വീണ്ടും ആരംഭിച്ചു.അൻവറും കോൺസ്റ്റബിൾ രവിയും..പെട്ടെന്ന് അവിടെ ഒരു പെൺ കുട്ടിയുടെ ശബ്ദം കേട്ടത്. കാട്ടിലുള്ളിലേക്ക് അൻവറും രവിയും ഓടിപ്പോയി. അവിടെ കണ്ടത് ഒരു പെൺകുട്ടി കരഞ്ഞുകൊണ്ട് നിൽക്കുന്നതാണ്. അപ്പോൾ തന്നെ ചുവപ്പ് നിറത്തിൽ വസ്ത്രം ധരിച്ച ഏഴ് ഇഞ്ച് നീളമുള്ള ഒരാൾ ഓടുന്നതാണ്. അൻവർ അവനെ പിടിക്കാൻ പുറകെ ഓടി.. പക്ഷെ അവനെ പിടിക്കാൻ അൻവറിന് കഴിഞ്ഞില്ല......

( Shimaya )

******************

# ഉത്തരം കിട്ടാ ചോദ്യം 



"**അ**രുത്" എന്ന ഒരു വാക്കിനെ വെറുത്ത് പോയ ഒരു പെണ്ണ്. പെണ്ണായത് കൊണ്ട് മാത്രം ജീവിതത്തിൽ പല തവണ കേൾക്കേണ്ടി വന്ന ഒരു വാക്ക്.എന്താണ് അതിന്റെ അർത്ഥം എന്ന് പലപ്പോഴും ചിന്തിച്ച് പോയിട്ടുണ്ട്. എന്ത് കൊണ്ട് അരുത് എന്ന് ചോദിക്കാനുള്ള അവസരം പോലും ഇത് വരെ നൽ കിയില്ല. കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ എന്നെ തന്നെ വെറുത്ത് പോയി. എന്നാൽ എന്റെ ജീവിതത്തെ തന്നെ മാറ്റി മറിച്ച ഒരു ചോദ്യം. വളരെ കുറച്ച് കാലം മാത്രമെ ആയുള്ളൂ ഞാൻ അവനെ പരിചയപ്പെട്ടിട്ട്. ഒരു പക്ഷെ ഞാൻ അവനെ പരിചയപ്പെട്ടില്ലായിരുന്നെങ്കിൽ ഇപ്പോൾ ഞാൻ ഉണ്ടാവില്ലായിരുന്നു. എല്ലാ പെൺകുട്ടിയുടെയും ജീവിതത്തിലെ വിജയത്തിന് പിന്നിൽ ഒരു ആൺ-കുട്ടി ഉണ്ടാകുമെന്ന് പറയുന്നത് പോലെ..എന്റെ ജീവിതത്തിൽ വളരെ അപ്രതീക്ഷിതമായി കണ്ട് മുട്ടിയ വ്യക്തി, എന്റെ ജീവിതത്തെ തന്നെ മൊത്തത്തിൽ മാറ്റിമറിച്ചു. പെണ്ണായത് കൊണ്ട് തന്നെ എന്റെ വീട്ടിൽപോലും എനിക്ക് എന്റെ വാക്കിന് ഒരു വിലയും ഉണ്ടായിരുന്നില്ല. ആദ്യമൊന്നും ഞാൻ ഇതിനെ പറ്റി ചിന്തിച്ചിരുന്നില്ല. എന്നാൽ ഇത് ചിന്തിക്കേണ്ട ഒരവസരം വന്നു. അന്ന് ഞാൻ എന്നോട് തന്നെ ചോദിച്ച "എന്ത് കൊണ്ടരുത്" ആ ചോദ്യം എന്റെ ജീവിതത്തെ തന്നെ മാറ്റി മറിച്ചു. എന്റെ ഇത്രയും കാലത്തെ ജീവിതത്തിൽ നിന്നും

തികച്ചും വ്യത്യസ്തമായിരിക്കും എന്റെ ഇനിയുള്ള ജീവിതം എന്ന് ചിന്തിച്ചിട്ട് പോലുമില്ലായിരുന്നു.എന്റെ 18 വർഷം ഞാൻ വെറുതെ കളഞ്ഞു എന്ന് തോന്നി.

അന്ന് ജൂലൈ 2 എന്റെ പിറന്നാൾ ദിവസം..പെണ്ണായത് കൊണ്ട് എന്റെ ഇഷ്ടത്തിന് പിറന്നാൾ പോലും ആഘോഷിക്കാൻ സാധിച്ചില്ല. അന്ന് രാത്രി ഞാൻ ഉറങ്ങിയിട്ടില്ല. എന്റെ മനസിൽ അമ്മ എന്നോട് പറഞ്ഞ ആ വാക്കായിരുന്നു. "നീ ഒരു പെണ്ണാണ് നിന്റെ ഇഷ്ടത്തിന് നടക്കാനൊന്നും പറ്റില്ല." അന്ന് ഞാൻ ഒരുപാട് ആലോചിച്ചു. എങ്കിലും, അതിനുള്ള ഉത്തരം ലഭിച്ചില്ല. ആരോടും ഒന്നും പറയാതെ ഞാൻ വീട് വിട്ടിറങ്ങി. ഈ ഒരു രാത്രിയാണ് എന്റെ ജീവിതത്തെ മൊത്തം മാറ്റി മറിച്ച ആ രാത്രി.. എനിക്ക് ഒരിക്കലും മറക്കാനാകാത്ത ആ രാത്രി. അന്ന് ആ രാത്രി ഞാൻ പലരെയും കണ്ടുമുട്ടി. പാതിരാത്രി ഒരു പെണ്ണ് ഒറ്റയ്ക്ക് നടക്കുന്നത് കണ്ട് അവർക്ക് എന്തും തോന്നാം. എങ്കിലും അതൊന്നും ഞാൻ വക വെച്ചില്ല. ആത്മഹത്യ എന്ന ഒറ്റ ലക്ഷ്യം മാത്രം മനസിൽ വെച്ച് കൊണ്ടാണ് ഞാൻ ഇറങ്ങിയത്. എന്നാൽ എങ്ങനെ?എന്തിന്? ആർക്കുവേണ്ടി? എന്നാൽ ഒരു പാലത്തിന്റെ മുകളിൽ എത്തിയപ്പോൾ ഞാൻ ഒരുപാട് ശബ്ദങ്ങൾ കേട്ടു. അപ്പോഴാണ് മനസിലായതുപോലും ഇത്രയും നേരം ഞാൻ റോഡിന് നടുവിലൂടെയാണ് നടന്നതെന്ന്. ഒരാൾ എന്നെ പിടിച്ച് ഒരു ബസ് സ്റ്റോപ്പിൽ കൊണ്ടിരുത്തി. കാണാൻ 23 വയസു തോന്നിക്കുന്ന ഒരു സുന്ദരൻ. എന്നോട് അവൻ പറഞ്ഞു "ജീവിതം മടുത്തു കാണും അല്ലെ.."

ആ ചോദ്യം കേട്ടാണ് ഇത്രയും നേരം മയക്കത്തിലായിരുന്നതുപോലെ ഞാൻ ഉണർന്നത്.എന്നോട് അവൻ ചോദിച്ചു..ആർക്കുവേണ്ടി?എന്തിന് വേണ്ടി?

ഞാൻ പറഞ്ഞു"അറിയില്ല..കുറച്ച് ദിവസമായി എന്നെ അലട്ടുന്ന ചോദ്യങ്ങളാണ്.." അപ്പോൾ അവന്റെ തിരിച്ചുള്ള മറുപടി ഇതായിരുന്നു.."ഞാനും ഇതേ ചിന്തയായി ഇറങ്ങിയതാണ്.." അങ്ങനെ കുറച്ചു സമയം നമ്മൾ രണ്ടാളുടെയും പ്രശ്നങ്ങൾ കേട്ടും പറഞ്ഞും ഇരുന്നു. അവസാനമാണ് മനസിലായത് രണ്ടാളുടെയും ജീവിതത്തിലെ

ഒരു വഴിത്തിരിവായിരുന്നു ആ ചോദ്യം അല്ലെങ്കിൽ ആ വാക്ക് "അരുത്. അവനെ കണ്ട്മുട്ടിയപ്പോഴാണ് എനിക്ക് അത് മനസിലായത്. ഒരു പെണ്ണിന്റെ ജീവിതത്തിൽ മാത്രമല്ല..ഒരോ ആണിന്റെ ജീവിതത്തിലും ആഴത്തിൽ ബാധിക്കുന്ന ഒന്നാണ് ആ വാക്ക് എന്ന്. അവനോട് സംസാരിച്ചതിൽ പിന്നെയാണ് ഞാൻ എനിക്ക് വേണ്ടി ജീവിക്കാൻ തുടങ്ങിയത്. എന്റെ ജീവിതത്തിന് അർത്ഥമുണ്ടായതും അതിന് ശേഷമാണ്.ആൾക്കാര് എന്ത് പറഞ്ഞാലും ഇപ്പോൾ അത് ഞാൻ ശ്രദ്ധിക്കാറില്ല. എന്റെ ജീവിതം ആർക്കും വേണ്ടി മാറ്റി വെക്കാനുള്ളതല്ല. ഇപ്പോൾ എന്റെ മുൻപിൽ സന്തോഷമായ ഒരു ജീവിതമുണ്ട്..' എങ്കിലും എന്ത് കൊണ്ട് അരുത് എന്ന ചോദ്യം ഒരു വലിയ ചോദ്യ ചിഹ്നമായി എന്റെ മുന്നിൽ നിൽക്കുകയാണ്. ഇത് എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഒരു പക്ഷെ ഒരോ മനുഷ്യന്റെയും ജീവിതകഥ ഇതുതന്നെയായിരിക്കും.. **"ആ ഉത്തരം കിട്ടാ ചോദ്യത്തിന്റെ ഉത്തരത്തിനായി എന്റെ ജീവിതം ഇനിയും ബാക്കി...................."**

( Alan Biju )

*****************



# Future Kerala: about My vision

Kerala is a beautiful place filled with Mountain, Hills, Streams etc. Kerala is located in Southern India. It is also known as the 'Gods Own Country'. It is also famous for its cultural features. It's dance forms such as Kathakali, Mohiniyattam etc, make the Kerala culturally famous. Kerala is not only culturally developed but also technologically. Smart rooms, Smart classes etc. are the examples for the technological development of Kerala.

If we move into the Future Kerala there would be drastic changes in various fields such as education, technology, transportation etc. There would be a high change between today's Kerala and future Kerala.

In the cultural sides, different art-forms would be diminished. Many traditional jobs would also get diminished. The dances and various art-forms would be like a thing of the history.



**BVJMHSS**
**PERUMPADAVE**

There would be a drastic change in the field of education. Even today the class room are come like a smart. Almost all classes have a screen, projector and laptops etc. And some classes have more than that.

Studying in the future would be easy we need not to got to schools for studying. Everyone will be studying through VR (Virtual Reality). It would be less boring than today's and more graspable contents would be taught.

There would be also very drastic changes in the technology. There would be development Kerala is a beautiful place filled with Mountain, Hills, Streams etc. Kerala is located in the field of IT mainly. Even today were are like living in the future. We can send messages to and from even the corner of the earth. We can pay our hills and do payments from anywhere on earth to anywhere.

In the future the technology development would enormously increase. There would be an increase in the online safety also.

The transportation filed would also very much developed. The road will safe and filled with electric vehicles.

**On concluding this the Kerala's future has some positive and negative effects also. There all are my vision about the Kerala's future.**

( Ciril John ) 9B

******************



# FUTURE KERALA

I have no words about the up coming future Kerala it will be massive change that will shock the world. I am nervous if that change will be good or bad changes that occur in our world

Now days Kerala suffering with destructional activities of human. But Kerala is Our Gods Own Country. Kerala has changed a lot arrivals of new fashion, building, massive monuments

the beauty of Kerala like magnet that will attract our mind. Kerala is filled with greenary ,hills, planes, fields etc. Nowadays Kerala is a main tourist place of tourist and the food will also be good the cultural food that will stimulate our taste bud.

There will be many changes that will occur like changes in house, different species of animals will be founded, places will also change even the life style will change but i just want this education system change. Even it is 2000s there is no change in education system. The education system is treating students like a criminal in prison or a caged bird that

has no freedom to look around or explore the world or opportunities waiting for them

The transportation facilities of our Kerala will also change the 2 path roads are expanded to 6 path roads but there is a good thing that there will

be less number of accidents. The telecommunication system of our world had amassive change. The phones with keypads and wires had changed touch and wire less phones. There are many positive and negative things that will occur because of this development that will occur in the future

I just want all the development leads to a good tomorrow

**THIS IS MY VISION ABOUT FUTURE........**

( Lakshmi Krishna )

*****************

# കൂട്ടുകാർ




സ്നേഹത്തിൻ കളിമുറ്റത്തു-
ഞ്ഞാലുകെട്ടിയോർ
കൈക്കോർത്തുനിന്ന് പൂമാല
കോർത്തവർ ഞെട്ടറ്റടർന്നു താഴെ പതിച്ചുവോ?

താരകം തന്നുടെ താരാട്ടിൽ മയങ്ങിയോ?
ഓർമ്മതൻ മലർവാടിയിലെന്നും
കൊഴിയാതെ സുഗന്ധം പരത്തും സുമങ്ങൾ

മഞ്ഞില്ല,മറയില്ല നിങ്ങൾ കൊളുത്തിയ
മണിദീപമൊരുനാളും ഞങ്ങൾതന്നുള്ളിൽ
കാലചക്രത്തിൻ തേരേറിപോയോ,
മൌനത്തിൻ വാത്മീകം തന്നിലൊളിച്ചുവോ
കാണാക്കയങ്ങളിൽ മാഞ്ഞു പോയോ?
മഴവില്ലിൻ ചിറകിൽ പാറിപ്പറന്നോ

ഞങ്ങളാം വൃക്ഷത്തിൻ ശാഖകൾ നിങ്ങൾ...........


( Sravan K.P )

*****************

# ജീവചരിത്രം

( ROSE MARIYA K.P )

# വൈക്കം മുഹമ്മദ് ബഷീർ



**ബേപ്പൂർ സുൽത്താൻ** എന്ന അപരനാമത്തിൽ അറിയപെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനവരി 21 ന് കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനിച്ചു. 5 ഓളം അവാർഡുകൾ ലഭിച്ചിട്ടുണ്ട് 37 ഓളം കൃതികൾ രചിച്ചിട്ടിണ്ട്. 3 ചലചിത്രവും 1930 കോഴിക്കോടുവച്ച് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. ബഷീറിന്റെ ആദ്യ നോവലാണ് പ്രേമലേഖനം. 1994 ജൂലൈ5 ന് ബഷീർ അന്തരിച്ചു.



# തകഴി ശിവശങ്കരപിള്ള

നോവൽ ചെറുകഥ എന്നീ ശാഖകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മലയാള സാഹിത്യകാരനാണ് **തകഴിശിവശങ്കരപിള്ള.** കുട്ടനാടിന്റെ ഇതിഹാസകാരനെന്ന വിശേഷണമുള്ള ഈ കഥാകാരൻ 1912 ഏപ്രിൽ 17 ന് ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. 13 വയസ്സിൽ ആദ്യ കഥ എഴുതി . നൂറുകണക്കിന് കഥകൾ രചിച്ചിട്ടുണ്ട്. 39 നോവലുകളും അറുന്നൂറിൽപ്പരം ചെറുകഥകളിൽ ഇദ്ദേഹത്തിന്റെതായുണ്ട്.

17 ചെറകഥാ സമാഹാരങ്ങളും എന്റെ "ഉള്ളിന്റെ കടൽ" എന്ന ലേഖനവും രചിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെ ഏപ്രിൽ 10-1999 അദ്ദേഹം ഈ ലേകത്തോട് വിടപറഞ്ഞു.



# സി.എൻ ശ്രീകണ്ഠൻ നായർ

മലയാളത്തിലെ പ്രശസ്തനായ നാടകകൃത്ത് ആയിരുന്ന **സി.എൻ ശ്രീകണ്ഠൻനായർ.** 1928 കോല്ലം ജില്ലയിലെ ചാവറയിൽ ജനിച്ചു. അദ്ദേഹം പ്രശസ്തനായ ഒരു പത്രാധിപനായിരുന്നു. കാഞ്ചനസീത, ലങ്കാലക്ഷ്മി, നഷ്ടകച്ചവടം തുടങ്ങി 10 ലേറെ കൃതികൾ രചിച്ചിട്ടുണ്ട്. കാഞ്ചനസീത എന്ന നാടകത്തിന് 1962 ലെ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1977 -ൽ ഇതേ പേരിൽ തന്നെ ഒരു ചലച്ചിത്രം സംവിധാനം ചെയ്തിട്ടുണ്ട്. അദ്ദേഹം 1976 ൽ മരണമടഞ്ഞു.



# കൊട്ടാരത്തിൽ ശങ്കുണ്ണി

**ഐതീഹ്യമാല** എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് **കൊട്ടാരത്തിൽ ശങ്കുണ്ണി.** 1855 മാർച്ച് 23 ന് കോട്ടയത്ത് വാസുദേവനുണ്ണിയുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു. യഥാർത്ഥ പേരാ വാസുദേവൻ എന്നായിരിന്നു. 17ാമത്തെ വയസ്സിൽ സിദ്ധരൂപം പഠിച്ചു. 1881 ൽ ഗൃഹഭരണം ഏറ്റെടുക്കേണ്ടി വന്നതോടെ ഗുരുവിനെ വിട്ട് സ്വയം പഠനം തുടർന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നിർബന്ധത്തിൽ 36-ാമത്തെ വയസ്സിൽ സുഭദ്രാഹാരണം മണിപ്രവാളം എഴുതി. പിന്നീട് കേശവദാസചരിതം രചിച്ചതും അദ്ദേഹത്തിന്റെ നിർബന്ധത്തിലായിരുന്നു. 13 ഓളം മണിപ്രവാള കൃതികളും 3 ഭാഷാ നാടകങ്ങളും, 4 പുരാണ കഥകളും,

2 കല്പിത കഥകളും, 5 ആട്ടകഥകളും, 8 കൈകൊട്ടിക്കളിപ്പാട്ടുകളും, 6 തുള്ളൽപ്പാട്ടും , 2 വഞ്ചിപ്പാട്ടും, 7 ഗദ്യപ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

**അങ്ങനെയിരിക്കേ, 1937 ജൂലൈ 22 ന് അദ്ദേഹം മരണമടഞ്ഞു.**



# ഇരയിമ്മൻ തമ്പി

ചേർത്തലയിലെ വാരനാട്ടുള്ള നടുവിലെ കോവിലകത്ത് കേരളവർമ്മ തമ്പ്രാന്റെയും പുതുമന രാജകുടുംബത്തിലെ പാർവ്വതി തങ്കച്ചിയുടേയും പുത്രനായ രവി വർമ്മ തമ്പി 1782 ൽ തിരുവനന്തപുരത്ത് ജനിച്ചു. കാർത്തിക തിരുനാളാണ് രവി വർമ്മയ്ക്ക് ഇരിയിമ്മൻ എന്ന ഓമനപേരിട്ടത്. അദ്ദേഹത്തിന്റെ

ആട്ടക്കഥകളായ കീചകവധവും രഉത്താര സ്വയംബരവും ഇരുപതാം വയസ്സിൽ രചിച്ചതാണ്. ഓമനതിങ്കൾകിടാവോ എന്ന താരാട്ടുപാട്ട് എഴുതിയത് അദ്ദേഹമാണ്. സ്വാതി തിരുനാളിന്റെ ഭാര്യയ്ക്ക് വേണ്ടി എഴുതിയതാണ് നാരായണീയം ആദ്യമായി അച്ചടിച്ചതും അദ്ദേഹമാണ്. 7 ഓളം കീർത്തനങ്ങളും 3 ആട്ടക്കഥകളും. 6 ഓളം വരെ രചനകളും എഴുതിയിട്ടുണ്ട്. സംസ്കൃതത്തിൽ 28 ഉം മലയാളത്തിൽ 5 ഉം കീർത്തനങ്ങളും 5 വർണ്ണങ്ങളും 22 പദങ്ങളും അദ്ദേഹത്തിന്റേതായി തിരിച്ചറിഞ്ഞിട്ടുണ്ട്. അങ്ങനയിരിക്കേ 1856 ജൂലൈ 29 ന് മരണമടഞ്ഞു.

# എം. പി. പോൾ



**മേനച്ചേരി പൗലോസ് പോൾ** എന്ന എം . പി . പോൾ മലയാളത്തിലെ ശ്രദ്ധേയനായ സാഹിത്യ നിരൂപകനായിരുന്നു. മലയാളത്തിൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നതിൽ മഹത്തായ പങ്കുവഹിച്ചു. മഹാത്മാഗാന്ധിയുടെ പ്രിയപെട്ട എഴുത്തുകാരിൽ ഒരാളായിരുന്ന അദ്ദേഹം. 1904 മെയ് 1 ന് എറണാകുളം ജില്ലയിലെ പുത്തൻപള്ളിയാണ് പോളിന്റെ ജന്മദേശം. 7 ഓളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1952 ജൂലൈയിൽ തിരുവനന്തപുരത്ത് മരണമടഞ്ഞു. 1953 – ൽ അദ്ദേഹത്തിന്റെ

സ്മാരകമായി കോട്ടയത്ത് ഒരു അച്ചടിശാല സഹകരണ സംഘം ആരംഭിച്ചു.

# എം. ടി. വാസുദേവൻ



**മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ** എന്ന എം ടി വാസുദേവൻ നായർ, 1933 ജൂലൈ 15 ന് ജനിച്ചു. എം ടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു . 11 ൽ കൂടുതൽ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് . 10 നോവലുകളും, 25 ഓളം കഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്. 29 ഓളം തിരക്കഥകളും, 5 ചലചിത്രങ്ങളും ചെയ്തിട്ടുണ്ട്. 13 ഓളം വേറെ കൃതികളും രചിച്ചിട്ടുണ്ട്. കുറേയധികം അവാർഡുകളും ലഭിച്ചിട്ടുണ്ട്

# പി.സി കുട്ടികൃഷ്ണൻ



മലയാളത്തിലെ ഒരു

നോവലിസ്റ്റും ചെറുകഥാകൃത്തുമായിരുന്നു.

**ഉറൂബ്** എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന **പി.സി കുട്ടികൃഷ്ണൻ** മലപ്പുറം ജില്ലയിലെ പോന്നാനിക്കടുത്തുള്ള പള്ളിപ്രം ഗ്രാമത്തിൽ 1915 ജൂൺ 8 ന് ജനിച്ചു. 10 ഓളം കൃതികൾ രചിച്ചിട്ടുണ്ട്, 26 ഓളം ചെറുകഥകളും, 3 കവിതകളും, 3 ഉപന്യാസവും, 3 നാടകങ്ങളും, 9 തിരക്കഥകളും രചിച്ചിട്ടുണ്ട്. 9 ഓളം അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1976 ൽ അദ്ദേഹം മനോരമ

പത്രാധിപത്യം ഏറ്റെടുത്തു. ആ സ്ഥാനത്തിരിക്കേ അദ്ദേഹം 1979 ജൂലൈ 10 ന് കോട്ടയത്ത് വച്ച് അന്തരിച്ചു.



# എൻ. എൻ. കക്കാട്


ആധുനിക മലയാളത്തിലെ പ്രമുഖനായ കവിയായിരുന്ന **എൻ . എൻ . കക്കാട്** . 1972 ജൂലൈ 14 കോഴിക്കോടിനടുത്ത് അവിടനല്ലൂറിൽ ജനിച്ചു. ഏറിയ പങ്കും കോഴിക്കോട് ആകാശവാണിയിലാണ് ജോലി ചെയ്തത്. 14 കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സഫലമീയാത്ര എന്ന കൃതിക്ക് 5 പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1987 ജനവരി 6 ന് അദ്ദേഹം അവിതന്നല്ലൂർ ബ്രിട്ടീഷ് ഇന്ത്യയിൽ മരണമടഞ്ഞു. അദ്ദേഹം മരിച്ചശേഷമാണ് 2 കാവ്യ സമാഹാരങ്ങൾ പ്രസിദ്ധീകൃതമായത്..........

# കുറ്റിപ്പുഴ കൃഷ്ണപിള്ള



എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ 1900 ഓഗസ്റ്റ് 1 നാണ് **കുറ്റിപ്പുഴ കൃഷ്ണപിള്ള** ജനിച്ചത് .കേരള സാഹിത്യ അക്കാദമി അഞ്ച് ഭാവങ്ങളായി കുറ്റിപ്പുഴയുടെ കൃതികൾ പുറത്തിറക്കിയിട്ടുണ്ട്. 14 ഓളം കൃതികൾ അദ്ദേഹം

രചിച്ചിട്ടുണ്ട്. 1922 ൽ ആലുവ അദ്വൈതാശ്രമം സംസ്കൃത പാഠശാലയിൽ ഇംഗ്ലീഷ് അധ്യാപകനായി . ഒരു ബുക്ക്സ്റ്റാളിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതിനിടയിൽ കുഴ-ഞ്ഞുവീണ് 1971 ഫെബ്രുവരി 11 ന് അന്തരിച്ചു.....



# കേസരി ബാലകൃഷ്ണപിള്ള


പാശ്ചാത്യ സാഹിത്യചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ചിന്തകനും വിമർശകനുമായിരുന്ന കേസരി എന്നറിയപ്പെടുന്ന **കേസരി ബാലകൃഷ്ണ പിള്ള** . 1889 ഏപ്രിൽ 13 ന് കേരളത്തിൽ ജനിച്ചു. പതിമൂന്ന് വിവർത്തനങ്ങൾ ഉൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തമ്പാനൂരിലെ പുളിക്കൽമേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവതി അമ്മ. 1930 കേസരി പത്രം പ്രസിദ്ധീകരിച്ചു. 1942 സെപ്റ്റംബർ 3 ന് തിരുവനന്തപുരത്തുനിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18 ന് ആ മഹാമനുഷ്യൻ ഈ ലോകത്തോട് വിടപറഞ്ഞു......

# ലളിതാംബിക അന്തർജനം



കേരളത്തിലെ പ്രശസ്തയായ കഥാകൃത്തും നോവലിസ്റ്റും **ലളിതാംബിക അന്തർജനം** കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ കൊട്ടവട്ടം എന്ന സ്ഥലത്ത് 1909 മാർച്ച് 30 ന് ജനിച്ചു. മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യം ഉണ്ടായിരുന്നു. 13 ഓളം ചെറുകഥകൾ, 2 നോവൽ, ഒരു ആത്മകഥയും എഴുതിയിട്ടുണ്ട്. വേറെ മൂന്ന് കൃതികളും എഴുതിയിട്ടുണ്ട്.
ഓടക്കുഴൽ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്. കവിതയിലൂടെ സാഹിത്യ ജീവിതം ആരംഭിച്ചു. 7 കവിതാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6 ന് അന്തരിച്ചു......

# വി. കെ. എൻ



**വടക്കേ കൂട്ടാല നാരായണൻ കുട്ടിനായർ** അഥവാ **വി .കെ എൻ.** ഏപ്രിൽ 6 : ജനുവരി 25, 2004.
എഴുത്തിന്റെ ശൈലീരസംകൊണ്ട് മലയാള സാഹത്യത്തിൽ വേറിട്ടു നിന്ന വ്യക്തിത്ത്വമായിരുന്നു. സ്വന്തം ജീവിതാനുഭവങ്ങൾ പയ്യൻ എന്ന കേന്ദ്രകഥാപാത്രത്തിലൂടെ അവതരിപ്പിച്ച നോവലുകളും, കഥകളുമാണ് അദ്ദേഹത്തെ മലയാള സാഹിത്യത്തിൽ അനശ്വരനാക്കിയത്.

തൃശ്ശൂർ ജില്ലയിലെ തിരുവില്വാമലയിൽ 1932 ഏപ്രിൽ 6 നാണ് വി . കെ . എൻ ജനിച്ചത്. മെട്രിക്കുലേഷൻ കഴിഞ്ഞ് 1951 മുതൽ എട്ടു വർഷത്തോളം മലബാർ ദേവസ്വം ബോർഡിൽ ഗുമസ്തനായി ജോലിചെയ്തു. പാലക്കാട്ടായിരുന്നു ആദ്യനിയമനം. എന്നാൽ അദ്ദേഹമെഴുതിയ "ദ് ട്വിൻ ഗോഡ് അറെയ്സ് " എന്ന ലേഖനം ദേവസ്വം കമ്മീഷനെ പരിഹസിക്കുന്നതാണെന്ന കുറ്റം ചുമത്തി .

കൊയമ്പത്തൂരിലേക്ക് സ്ഥലം മാറ്റപ്പെട്ടു. കുറേക്കാലം മലപ്പുറം ജില്ലയിലെ പുളിക്കൽ അമ്പലത്തിൽ മാനേജറായി നിയമിനായി. എന്നാൽ അമ്പലം ഒരു സ്വകാര്യ ട്രസ്റ്റിന് സർക്കാർ കൈമാറിയപ്പോൾ ജോലി നഷ്ടപ്പെട്ടു . അങ്ങനെയിരിക്കെ അദ്ദേഹം 1959 ൽ ഡെൽഹിയിലെത്തി . പത്രപ്രവർത്തനത്തോടൊപ്പം അക്കാലത്ത് പ്രസിദ്ധമായിരുന്ന രങ്കേഴ്സ് വിക്കിയിലും ലേഖനങ്ങളെഴുതി പത്തുവർഷക്കാലം ഒട്ടേറെ സാഹിത്യ സൗഹൃദം അദ്ദേഹത്തിന് സമ്മാനിച്ചു . ഒ . വി . വിജയൻ, കാക്കനാടൻ, എം മുകുന്ദൻ എന്നിവരാണ് അക്കാലത്തെ പ്രധാന സുഹൃത്തുക്കൾ.

കവിതയും നാടകവുമൊഴികെ മറ്റെല്ലാ സാഹിത്യ വിഭാഗങ്ങളിലും വി . കെ . എൻ കൈ വച്ചിട്ടുണ്ട് . ചില രചനകൾ ഒരു ഗണത്തിലും പെടുത്തുവാനുമാവില്ല . സാമന്ദഹാസം, പയ്യൻ, ക്ലിയോപാട്ര , പയ്യന്റെ കാലം , കാലഘട്ടത്തിലെ പയ്യൻ, പയ്യന്റെ സമരം, പയ്യന്റെ യാത്രകൾ , കുഞ്ഞൻ മേനോൻ, തുടങ്ങിയ 18 ഓളം കഥാസമാഹാരങ്ങളും. അസുരവാണി, മഞ്ചൽ, ആരോഹണം, ഒരാഴ്ച, സിൻഡിക്കേറ്റ്, ജനറൽചാത്തൻസ് തുടങ്ങിയ 13 ഓളം നോവലുകളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നോവലെറ്റ് അമ്മൂമ്മ കഥയും നർമ്മലേഖനം അയ്യായിരവും കോപ്പും എന്നിങ്ങനെയുമിരുന്നു.

സിൻഡിക്കേറ്റ്, ആരോഹണം, പയ്യന്റെ കഥകൾ തുടങ്ങിയ രചനകൾ അധികാരത്തിന്റെ ഇടനാഴികളിലൂടെയിള്ള വിമർശന യാത്രകളാണ് ഭക്ഷണം, ഇണ , ഇര, സ്ഥാനമാനങ്ങൾ തുടങ്ങിയ ഘട്ടങ്ങളിലൂടെ കയറി പോകുന്ന പയ്യൻ ഒടുവിൽ അധികാരത്തെ തന്നെയാണ് തുറന്നുകാട്ടുന്നത്.

പയ്യൻ എന്ന കഥാപാത്രം അദ്ദേഹത്തിന്റെ തന്നെ ആത്മാവാണെന്ന് പറയാം. 1969 ൽ ഡൽഹി ജീവിതം അവസാനിപ്പിച്ച് തിരുവില്വാമലയിൽ തിരിച്ചെത്തി . എഴുത്തും, വായനയുമായി വി . കെ എൻ ജന്മനാട്ടിൽ തന്റേതായ ലോകം സൃഷ്ടിച്ചു.

2004 ജനുവരി 25 ന് സ്വവസതിയിൽ വച്ച് മരണമടഞ്ഞു.

# വിലാസിനി



**മൂർക്കനാട്ട് കൃഷ്ണൻകുട്ടി മേനോൻ, വിലാസിനി** എന്ന തൂലികനാമത്തിൽ അറിയപ്പെടുന്ന കേരളത്തിൽ നിന്നുള്ള ഒരു ഇന്ത്യൻ എഴുത്തുകാരൻ. ജൂൺ 23 1928 കരുമാത്ര വടക്കാഞ്ചേരി ബ്രിട്ടീഷ് ഇന്ത്യയിൽ ജനിച്ചു. 7 നോവലുകളും 8 ഓളം മറ്റുള്ള പുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്ന് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദ്യ നോവൽ "നിറമുള്ള നിഴലുകൾ " എന്ന പുസ്തകമാണ്. 1993 മെയ് 13 അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു........



# MELVIN CALVIN

He discovered the "**CALVIN CYCLE**" in which the "**DARK**" photosynthesis reactions are impelled. By
the components produced in the light reactions that occur on absorption of light in chlorophyll to yield oxygen also using techniques
He followed the path of oxygen in photosynthesis.

******************

# ചീത്ത കൂട്ടുകെട്ടുകൾ

ഒരു ദിവസം 10 th ക്ലാസിലെ കുട്ടികൾ കൂടി ആലോചിക്കുന്നത് കണ്ട എനിക്ക് ഒരു സംശയം, ഇവരുടെ കൂട്ട്കെട്ടുകൾ അത്ര നല്ലതല്ല! അവരുടെ ആലോചന കണ്ട ഞാൻ അൽഭുതപെട്ടുകയാണ്.അവർ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു. അവർക്ക് എന്തോ ദുശീലമായിരുന്നു.അവന് അവരുടെക്കൂടെ കൂട്ട്കൂടാൻ താൽപര്യമുണ്ടായിരുന്നില്ല, അവൻ അവന്റെ നിവർത്തികേട് കൊണ്ട് അവരുടെ കൂടെ നടക്കാൻ തുടങ്ങി. അവൻ നടക്കാൻ തുടങ്ങിയപ്പോൾ തന്നെ അവന്റെ സ്വഭാവങ്ങളൊക്കെ മാറാൻ തുടങ്ങി. അവനെ ആരെങ്കിലും ഉപദേശിചാൽ ദേഷ്യം വരാൻ തുടങ്ങി. അവനെ വീട്ടിൽ നിന്ന് ഉപദേശിചാൽ അവന് അച്ഛനേയും അമ്മയേയും തല്ലാനൊക്കെ തോന്നും. വീട്ടിലെ പാത്രങ്ങളും ഗ്ലാസുകളുമൊക്കെ വലിച്ചെറിഞ്ഞ് പൊട്ടിക്കും.അതുകൊണ്ട് തന്നെ അവനെ വീട്ടിൽ നിന്ന് ആരും ഉപദേശിക്കാൻ പോകാറില്ല.വീട്ടുക്കാർക്ക് മനസ്സലായി അവനെ ഉപദേശിച്ചിട്ടൊന്നും കാര്യമില്ലാന്ന് .അവനെ വീട്ടുക്കാർക്കും,കുടുംബക്കാർക്കുമൊക്കെ പതിയെ പതിയെ വെറുക്കാൻ തുടങ്ങി.അവന് പതിയെ നാട്ടിലും ചീത്തപ്പേരൊക്കെ ഉണ്ടായി തുടങ്ങി.അവനെ നാട്ടുക്കാരൊക്കെ പതിയെ പതിയെ അകറ്റിനിർത്താൻ തുടങ്ങി അവന് പ്രതിസന്ധികളൊക്കെ വരാൻ കാരണം അവന്റെ ഈ കൂട്ടുകെട്ടുകളാണ്. നമ്മൾ കൂട്ടുകെട്ടുണ്ടാകുമ്പോൾ നല്ലവരെ മാത്രം തെരഞ്ഞെടുക്കുക.അതുകൊണ്ട് തന്നെ നമ്മൾ നല്ല കൂട്ടുകെട്ടുകൾ ഉണ്ടാക്കണം.........




(ദേവാനന്ദ് ടി.വി) 10A

# THE_STRING'S_OF_A_MASTERPIECE



**In** a small town named Itsuki there lived a young woman named Akari. She had an enchanting smile and eyes that sparkled like crystals and a heart filled with dreams. She was a painter who painted the world with her heart. She believed in destiny that she will find her soulmate one day.

Meanwhile in the same town a young man named Setsuko with a gentle soul. He was a Guitarist and a Pianist. He had a way of expressing his emotions through music. And his melodies touched the heart's of the one's who heard them. Though he had many admirer's. Setsuko felt a longing for love in his life.

After a few day's In a local art's exhibition Akira was displaying her paintings. As if fate has decided to intervene Setsuko also came to see the exhibition. Akira's paintings caught attention of Setsuko. He was captivated by the emotions they conveyed. They had a conversation and decided to hang out. And Setsuko played his beautiful melody to her. She was drawn into the melancholic melodies of Setsuko's music. Their eyes met and in that moment an invisible threads connected their hearts.

They introduced each other's in no time. They discovered that they shared passion for music and art. They spend hour's talking and laughing and exploring the depth's of their soul. Akira's paintings began to reflect the melodies of Setsuko. And his compositions started to awoke the vivid colours of Akira's paintings. Their creations were

magical and their creations became a symbol of their growing love. They decided to embark on a journey together. They travelled to Paris the land of art and music. Akira always wanted to draw the Eiffel tower. It was her big dream. After that they travelled across the country immersing each other in the beauty of nature and wonder's of art. They danced under the moon light and sang with the birds. And painted the whole world with their love.

Each moment they spent together was a masterpiece. However as they strengthened their relationship challenges emerged. The pressure of society weighed heavily on them. After all they were adults and had life problems. And doubt's started to cloud their mind's. They questioned each other if their relationship was strong enough to with stand the test of time. They loved each others so much but their personal problem affected their relationship.

One day Akira was walking through a library . Suddenly a dusty shelf got her attention she took out a book from the shelf. It was a collection of love stories from different era's. Each with its own unique struggles and triumphs. As she read the tales she realized that true love was not about avoiding obstacles but rather facing them together. With new found determination. Akira shared her discovery with Setsuko. They decided to confront their fears and embarked their love. No matter what the world would throw at them. they understood that their love story was meant to be perfect .But it was meant to be real and extraordinary Akira and Setsuko kept creating art and music their collaboration flourished and their love grew stronger with each passing day their story inspired other in the town to follow their dreams and believe in the power of love . They got closer and closer their work's became famous. After some day's Setsuko finally decided to ask her for marriage. He was finally ready to propose her. So he invited her to the golden pearl park. He told her to wait for him that he will be there at 6:00 pm. So she waited for him but he did'nt came she waited till 8. But he didn't come. She decided that she'll talk about that the next day to him.

The next day in the morning she was watching the news. she was shocked after seeing the news . Setsuko was killed in an accident. He was hit by a truck while crossing the road. All he had in hand was a ring covered in blood. She was shocked so much she dropped the cup in her hand. Tears stated to shred from her eyes. She cried out loud she didn’t know what to do. Later she gone to his funeral. She met his mother and said to her that she loved him very much. Setsuko’s mother handed her the ring that he bought for Akira. She couldn’t stop her tears. Setsuko’s mother gave her a letter in her hand and said
“he told me to give this to the girl who come here looking for me if i am away her name is Akira”. She stayed with her mother that day.
Later she gone home. She opened the letter. It was his dream with her he wanted to be her masterpiece so she started drawing his portrait a painting made of a dream and a pain of heart a painting of a magical collaboration of music and art it was magical it was enchanting. It was- it was a masterpiece. She exhibited it in the exhibition. Tons of people came to see her painting. Her painting got world famous she finally had everything she dreamed of. But he was missing. She visited his grave and said that she has fulfilled his dream. “Just the thing is you left me alone in this world. i’ll live for you and i fill fulfill our dream’s.
She named that portrait:

**“THE STRING'S OF A MASTERPIECE”**

**( JOSEPH K.S ) 9B**

*****************

# ലഹരി അരുത് മകനെ




**കു**ട്ടികളെ ഞാൻ നിങ്ങളോട് ഒരു കഥ പറയാം ഒരു കുട്ടിയുടെ കഥ. നമ്മുടെ ഈ കാലത്ത് ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കപ്പെടുന്നത് ലഹരി കാരണമാണ്. ലഹരി മനുഷ്യനെ കൊല്ലുന്നു നമ്മുക്ക് ആര് ലഹരി തന്നാലും നമ്മൾ അത് അരുത് എന്ന് തന്നെ പറയണം. നമ്മുക്ക് അത് നമ്മുടെ കൂട്ടുകാരൻ തന്നതാണെങ്കിലും അരുത് എന്ന് തന്നെ പറയണം. ഒരിക്കൽ ഒരു കുട്ടി പാഠത്തിൽ നിന്ന് സിഗരട്ട് വലിക്കുന്ന കണ്ട നാട്ടുകാർ അവനെ ഒരു അഡിക്ഷൻ സെന്ററിലേക്ക് കൊണ്ടുപോയി. എന്നിട്ട് അവിടെയുള്ള ഒരു ഡോക്ടർ ഉപദേശിക്കുന്നതാണ് ഈ കഥ.

നമ്മുടെ ഈ കഥയിലെ കുട്ടിയുടെ പേരാണ് ഷാജി . അവൻ 12ാം ക്ലാസ്സിൽ പഠിക്കുന്നു. ഞാൻ ഈ ലഹരിക്ക് അടിമപ്പെട്ടത് എന്റെ കൂട്ടുകാർ

കാരണമല്ല. എന്നെ ലഹരിക്ക് അടിമപ്പെടുത്തുന്നതിന്റെ കാരണം എന്റെ മൊബൈൽ ഫോണുമല്ല പക്ഷെ അതിലേക്ക് അടിപ്പിക്കാൻ ഫോണും സഹായിച്ചിരുന്നു കാരണം Instagram,Youtube യിലും പല സ്ഥലത്തും കാണാൻ സാധിക്കുന്നത് ലഹരിയാണ്. അതുകൊണ്ടാണ് ഫോണും ഒരു ലഹരിയാണെന്ന് പറയുന്നത്. എന്നെ ലഹരിയിലേക്ക് അടിപ്പിച്ചത് എന്റെ ഒരു മാമനാണ്. അയാൾ എന്റെ അടുത്ത് വരുമ്പോൾ നിത്യവും സിഗരട്ട് വലിക്കുമായിരിന്നു. എന്നിട്ട് ഒരിക്കൽ അയാൾ അത് വലിക്കുന്നത് കണ്ടപ്പോൾ എനിക്കും അത് എന്താണെന്നറിയാൻ ആഗ്രഹം തോന്നി എന്നിട്ട് ഞാൻ അത് വലിച്ചു. ഞാൻ അതിൽ അടിമപ്പെട്ടു അപ്പോൾ എന്റെ അച്ഛനും അമ്മയും പറഞ്ഞു അരുത് മകനെ അരുത് ഇത് നിന്നെ നശിപ്പിക്കും അപ്പോൾ ഞാൻ അത് കാര്യം ആക്കിയതേ ഇല്ല എന്നിട്ട് ഞാൻ ലഹരി കൊടുക്കാൻ കൊണ്ടുപോകുന്ന സമയത്ത് എന്നെ പോലീസ് പിടിച്ചു. എന്നിട്ട് എന്നെ ആൽബിൻ എന്നൊരു വക്കീൽ പുറത്തിറക്കി. എന്നിട്ട് പിന്നെയും എന്നെ പോലീസ്കാർ പിടിച്ചിട്ട് പറഞ്ഞു: "നിനക്ക് എന്റെ മകന്റെ പ്രായമേ ഉള്ളൂ" എന്നിട്ട് എന്നെ കുറയേഅധികം ഉപദേശിച്ചു. എന്നിട്ട് ആ പോലീസ് എന്നെ കൗൺസിലിങ്ങിന് കൊണ്ടുപോയി. അതിന് ശേഷം കുറച്ച് അധികം മാറ്റങ്ങൾ ഉണ്ടായി. എന്നിട്ട് ഞാൻ വീണ്ടും ലഹരിക്ക് അടിമപ്പെട്ടു. എന്നിട്ട് ആ പോലീസ് വീണ്ടും പറഞ്ഞു: "അരുത് മകനെ അരുത് " എന്നിട്ട് ആ പോലീസ് എന്നെ ഡിഅടിക്ഷൻ സെൻടറിലേക്ക് കൊണ്ടുപോയി.

കുറച്ച് കാലം കഴിഞ്ഞു ഞാൻ എന്റെ വീട്ടിലേക്ക് തിരിച്ച് എത്തി അപ്പോൾ എന്റെ അച്ഛനും അമ്മക്കും ഒരുപാട് സന്തോഷമായി.

( Shanif P ) 10A

# ജീവന്റെ കൂട്ടാളി അമ്മ

അമ്മയെന്ന വാക്കിൽ നിറയുന്ന സ്നേഹം
മാറിലെ ചൂടു പകർന്നും
മനസ്സിലെ സ്നേഹം പകർന്നും
എന്നും ജീവന്റെ കൂട്ടാളി അമ്മ

മതിവരാത്ത സ്നേഹമാണമ്മ
ജീവിത കൂട്ടാളി അമ്മ
നഷ്ടപ്പെടുത്താനാകാത്ത
അമൂല്യ സ്നേഹമാണമ്മ

മാറിലെ ചൂട് പകർന്നു തൻ
കുഞ്ഞിനെ മാറോട് ചേർത്തവളമ്മ
കടലോളം സ്നേഹം പകർന്നു താൻ
കുഞ്ഞിനെ മാലാഖയാക്കിയവളമ്മ

മാനത്തു തിളങ്ങുന്ന നക്ഷത്രത്തെപ്പോലെ
ഭൂമിയിലെ മാലാഖയാണവൾ
അമ്മതൻ സ്നേഹം നുകർന്നവർ  എന്നും
മധുര്യത്തിൻ സ്നേഹം അറിഞ്ഞിടുന്നു

( Chaithanya E.B )

# അച്ഛന്റെ കുപ്പായം



മർത്യനിന്നാവശ്യം എന്തൊക്കെയെന്നോ ?
വേണ്ടാത്തതൊന്നുമില്ലെന്നോതും അവർ
നാണം മറക്കാൻ എനിക്കും ലഭിച്ച
കുപ്പായമെന്ന പേരിൽ, ചെറു
നീലനിറമുള്ളൊരാത്തുണികൾ

( Rohan )

# നന്ദി

ബി.വി.ജെ.എം ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി കൂട്ടായ്മ പുറത്തിറക്കിയ **തൂലിക** മാഗസിൻ കുറേ ആളുകളുടെ നിരവധി ദിവസത്തെ അധ്വാനത്തിന്റെ ഫലമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു...............

രാധാകൃഷ്ണൻ സാറും, സ്മിത ടീച്ചറും ഈ പ്രയത്നത്തിന് എപ്പോഴും മുന്നിലുണ്ടായിരുന്നു. അവർ തന്നെയാണ് ഈ മാഗസിന്റെ വിജയവും. കൂടാതെ മാഗസിന്റെ വിജയത്തിനായി അനുഗ്രഹങ്ങളും പ്രാർത്ഥനകളും നൽകിയ പ്രധാനാധ്യാപിക മോളിക്കുട്ടി ടീച്ചർക്കും, ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു...........

ഈ മാഗസിന്റെ വിജയത്തിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ടീച്ചേഴ്സിനും, സൃഷ്ടികൾ നൽകിയ എല്ലാ സുഹൃത്തുക്കൾക്കും ഞങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു....................

